അധികാരം ജനങ്ങളിലേക്ക്



# 9-ാം പദ്ധതി
# ജനകീയ പദ്ധതി

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

77-1

ശ്രീ. പി. സി. തോമസ് (പാർലമെൻറ് അംഗം)

ശ്രീ. വി. ജെ. പൗലോസ് (നിയമസഭാംഗം)

ശ്രീ. വർക്കി മത്തായി (ജില്ലാ പഞ്ചായത്ത് മെമ്പർ)

ശ്രീ. ബേബി ജോൺ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

## ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 1996

1 ശ്രീമതി ലിസി ജോൺ പ്രസിഡൻറ് (വനിതാസംവരണം)

2 ശ്രീ. ററി. സി. മാത്യു (വൈസ് പ്രസിഡൻറ്)

3 ശ്രീ. എ. എൻ. വേലപ്പൻ (സ്ററാൻറിംഗ് കമ്മററി ചെയർമാൻ)

4 ശ്രീ. മാത്യു പൂവത്തിങ്കൽ (പഞ്ചായത്ത് മെമ്പർ)

5 ശ്രീമതി ചിന്നമ്മ മാത്യു പഞ്ചാ: മെമ്പർ (വനിതാ സംവരണം)

6 ശ്രീ. ഷെജി ജേക്കബ് (സോളി) (പഞ്ചാ: മെമ്പർ)

7 ശ്രീ. വി. ററി. വിജയൻ പഞ്ചാ: മെമ്പർ (ഹരിജൻ സംവരണം)

8 ശ്രീമതി ലിസി കുരുവിള ,, (വനിതാ സംവരണം)

9 ശ്രീ. പി. എസ്. മത്തായി (പഞ്ചായത്ത് മെമ്പർ)

## ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൻസ്

1 പി ആർ കൃഷ്ണൻ

2 കെ പി സ്കറിയ

3 ജോളി വറുഗീസ്

4 സന്തോഷ് ജോർജ്

# പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## 7-12-1996

## ആമുഖം

ആസൂത്രണ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വമ്പിച്ചൊരു സാമൂഹ്യ മുന്നേററത്തിന് കളമൊരുക്കുകയാണ് കേരള സംസ്ഥാനം. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് ആവിഷ്കരിച്ച് നടപ്പാക്കേണ്ട ഒരു സമ്പ്രദായമാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ജനങ്ങൾ അവർക്കുവേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയൊരു വികസന സംസ്ക്കാരത്തിന് രൂപം നൽകാനുമുള്ള പരിശ്രമത്തിലാണ് ജനങ്ങൾ.

ഇൻഡ്യൻ ഭരണ ഘടനയുടെ 1992-ലെ 72-ാം ഭേദഗതിക്കനുസൃതമായി കേരള സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തുന്നതിനും ആസൂത്രിത വികസനത്തിനും ഭരണ കാര്യങ്ങളിൽ ജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടി 1994 ഏപ്രിൽ 23-ാം തീയതി കേരള പഞ്ചായത്ത് രാജ് നിലവിൽ വന്നു.

ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് '95 ഒക്ടോബർ 2-ാംനു- നിലവിലുള്ള ഭരണസമിതി ഇവിടെ അധികാരമേററു. സംസ്ഥാനത്തെ പൊതുതെരഞ്ഞെടുപ്പിൽ 1996-ൽ അധികാരത്തിൽ വന്ന ഇടതുമുന്നണി ഗവൺമെൻറ് അടുത്തു വരുന്ന 9-ാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചു. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാന തലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവിൽ നിന്ന് വ്യത്യസ്ഥമായി 9-ാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളേയും നഗരസഭകളേയും ഏല്പിക്കുന്നതിനാണ് തീരുമാനം.

## പൈങ്ങോട്ടൂർ പഞ്ചായത്ത് ഒററനോട്ടത്തിൽ

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിന്റെ കിഴക്കേ അററത്ത് ഇടുക്കി ജില്ലയോട് ചേർന്ന് കിടക്കുന്ന ഭൂ ഭാഗമാണ് പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്. ഏനാനല്ലൂർ വില്ലേജിന്റെ ഭാഗമായിരുന്ന ഇവിടം വില്ലേജ് പുന സംഘടനയെത്തുടർന്ന് കടവൂർ വില്ലേജ് ആവുകയും ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടി

ഇത് പൈങ്ങോട്ടൂർ പഞ്ചായത്തായിത്തീരുകയും ചെയ്തു. ഇതിന്റെ അതിരുകൾ കിഴക്ക് വണ്ണപ്പുറം പഞ്ചായത്തും പടിഞ്ഞാറ് പോത്താനിക്കാട് പഞ്ചായത്തും തെക്ക് കാളിയാർ പുഴയും വടക്ക് പോത്താനിക്കാട്, പല്ലാരിമംഗലം എന്നീ പഞ്ചായത്തുകളും പരീക്കണ്ണി പുഴയുമാണ്.

ആദ്യത്തെ പഞ്ചായത്തു ഭരണ സമിതി 1954–ൽ എൻ. എം. വറുഗീസിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു. തുടർന്നു വന്ന 4 ഭരണ സമിതികൾക്ക് താഴെ പറയുന്നവർ നേതൃത്വം നൽകി. ശ്രീമാൻമാർ ജോസ് റ്റി. വറുഗീസ്, പി. കെ. വർക്കി, കെ. പി. ചാക്കോ, ആദായി ജയിംസ്, പി. എം. കോയാക്കുട്ടി, ശ്രീമതി ശോശാമ്മ മത്തായി, ശ്രീമാൻ ടി. സി. മാത്യു, ശ്രീമതിമാർ ചിന്നമ്മ മാത്യു, ലിസി ജോൺ.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ നാളിതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു.

വികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തിന്റെ മേൻമയെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിനും വേണ്ടി നിയോഗിക്കപ്പെട്ട സർവ്വശ്രീ. പി. ആർ, കൃഷ്ണൻ (കൺവീനർ) ജോളി വർഗീസ്, സന്തോഷ് ജോർജ്, കെ. പി. സ്കറിയ, എന്നിവർ ഒന്നും രണ്ടും ഘട്ട ജില്ലാ പരിശീലനം നേടിയിട്ടുള്ളവരാണ്. 19–9–96 ലും 18–11–96 ലും വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികൾ പങ്കെടുത്ത ഏകദിന ശിൽപശാലകൾ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തി. ഒൻപത് വാർഡുകളിലും ഒക്ടോബർ 1 നു മുമ്പായി വിശേഷാൽ ഗ്രാമ സഭകൾ കൂടി. ഗ്രാമസഭകളിലെല്ലാം സാമാന്യമായി ജനങ്ങൾ പങ്കെടുത്തു. പഞ്ചായത്തിലെ സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും വിദ്യാലയാധികൃതരുടേയും യോഗം വിളിച്ച് ചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്തു. ജനകീയാസൂത്രണത്തെക്കുറിച്ച് വേണ്ടവിധം പ്രചാരണം നടത്തിയിട്ടുണ്ട്. നവമ്പർ 1 പുനർപ്പണ ദിനമായി ആചരിച്ചതോടനുബന്ധിച്ച് 6 വാർഡുകളിൽ റോഡുകളുടെ അററകുററപ്പണികൾ തീർക്കുന്നതിന് 198 ആളുകൾ പങ്കെടുത്തു. ദ്വിതീയ വിവര ശേഖരണത്തിനുവേണ്ടി ബന്ധപ്പെട്ട ആഫീസുകളിൽ നിന്ന് സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചു. ഇതിൽ ചില ഉദ്യോഗസ്ഥ മേധാവികൾ വേണ്ടത്ര സഹകരണം കാണിച്ചിട്ടില്ലാത്തതും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഗ്രാമ സഭകളിൽ നടന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ കാര്യങ്ങളും പഞ്ചായത്ത് ഭൂപ്രകൃതി പഠനത്തിൽ ലഭിച്ച വിവരങ്ങളും വിവിധ ആഫീസുകളിൽ നിന്ന് ശേഖരിച്ച സ്ഥിതി വിവര കണക്കുകളും ഇവിടെ അധിവസിക്കുന്ന അനുഭവസ്ഥരിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങളും ഉപയോഗിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| 1 | പഞ്ചായത്തിന്റെ പേര് | : | പൈങ്ങോട്ടൂർ |
| 2 | റവന്യൂ വില്ലേജ് | : | കടവൂർ |
| 3 | റവന്യൂ ജില്ല | : | എറണാകുളം |
| 4 | താലൂക്ക് | : | കോതമംഗലം |

| | | | |
|---|---|---|---|
| 5 | ബ്ലോക്ക് | : | കോതമംഗലം |
| 6 | അസംബ്ലി മണ്ഡലം | : | കോതമംഗലം |
| 7 | പാർലമെൻറ് മണ്ഡലം | : | മൂവാററുപുഴ |
| 8 | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പോത്താനിക്കാട് |
| 9 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പൈങ്ങോട്ടൂർ |
| | വിസ്തീർണ്ണം | : | 23.5 ച. കി. മീററർ |
| | ജനസംഖ്യ | : | 14643 (1991) |
| | വാർഡുകൾ | : | 9 |

## ഗവ: ഓഫീസുകൾ

a) പബ്ലിക് ഹെൽത്ത് സെൻറർ, കടവൂർ

b) പ്രാഥമിക ആരോഗ്യകേന്ദ്രം, കടവൂർ

c) വില്ലേജ് ഓഫീസ്, കടവൂർ

d) വില്ലേജ് എക്സ്ററൻഷൻ ഓഫീസ്, കടവൂർ

e) കൃഷി ഭവൻ, കടവൂർ

f) ഗവ: ആയുർവ്വേദ ഡിസ്പെൻസറി, പൈങ്ങോട്ടൂർ

g) ഗവ: വെററിനറി ഹോസ്പിററൽ, ആയംകര

h) പഞ്ചായത്താഫീസ്, പൈങ്ങോട്ടൂർ

# ചരിത്ര പശ്ചാത്തലം

ഇന്ന് പൈങ്ങോട്ടൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഒരു കാലത്ത് വടക്കുംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു. തെക്കുംകൂർ, വടക്കുംകൂർ നാട്ടുരാജ്യങ്ങളെ വേർതിരിച്ചിരുന്ന കോട്ടയുടെ ആരംഭം കുറിക്കുന്ന കോട്ടപ്പാറയും രാജൈശ്വര്യങ്ങൾ പൂത്തുനിന്ന കോട്ടപ്പാടമെന്ന വിശാലമായ വയലേലയും വേണാട്ടധിപനായിരുന്ന മാർത്താണ്ഡവർമ്മയുടെ ആക്രമണത്തോടെ ചരിത്രത്താളുകളിലേയ്ക്ക് പിൻവാങ്ങി. പുൽമേടുകളും മൊട്ടക്കുന്നുകളും തെളിനീർച്ചോലയും അതിന്റെ ഓരങ്ങളിൽ ഇടതിങ്ങി വളർന്നിരുന്ന മരക്കൂട്ടങ്ങൾ കൊരുത്ത വനമേഖലയും അരുവിയെ മാറോടണച്ച് നീർവൃതിയിൽ ലയിച്ചുകിടന്ന വിശാലമായ പാറപ്പരപ്പും കാലികളെ മേയ്ക്കാൻ ഉപയോഗിച്ചുവന്ന സ്ഥലമായിരുന്നു. പുൽമേടുകളിൽ കൂട്ടമായി മേയുകയും അരുവിയിൽ നിന്ന് വെള്ളം കുടിക്കുകയും രാത്രികാലങ്ങളിൽ പാറപ്പുറത്ത് താവളമടിക്കുകയും ചെയ്തുപോന്നതുകൊണ്ട് ഈ പ്രദേശത്തെ ''പൈക്കൂട്ടയൂര്'' എന്നു വിളിച്ചുപോന്നു. പശുക്കൂട്ടങ്ങളുടെ താവള സ്ഥലമെന്ന് അർത്ഥം വരുന്ന ഈ വാക്ക് പിൽക്കാലത്ത് രൂപഭേദം വന്ന് 'പൈങ്ങോട്ടൂരാ'യി പരിണമിച്ചുവെന്നാണ് ഐതീഹ്യം.

ദേശീയ പ്രസ്ഥാനത്തിന്റെ അലകൾ ആ സേതുഹിമാചലം ആഞ്ഞടിച്ചപ്പോൾ സ്വാഭാവികമായ അണുരണനങ്ങൾ ഇവിടെയുമുണ്ടായിയെന്നതൊഴിച്ചാൽ എടുത്തുപറയത്തക്ക സംഭവങ്ങൾ ഇവിടെ നടന്നിട്ടില്ല. എന്നാൽ ഐതീസാഹസികമായ ഒരു ചെറുത്തു നില്പുസമരം ഈ പഞ്ചായത്തിലുണ്ടായത് കർഷക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒളിമങ്ങാതെ കിടക്കുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണിതുണ്ടായത്. ഒരു തുണ്ടു ഭൂമിക്കുവേണ്ടി ദാഹിച്ച അനേകം ചെറുകിട നാമമാത്ര കർഷകർ 1960 മുതൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കുടിയേറി താമസിക്കുകയും കൃഷിചെയ്തുപോരുകയും ചെയ്തിരുന്നു. പട്ടയം ലഭിക്കുന്നതിനുവേണ്ടി അവർ നടത്തിയ മുറവിളികൾ അധികാരികൾ ചെവിക്കൊള്ളാതിരിക്കുകയും കുടിയിറക്ക് ഭീഷണിയെ നേരിടുകയും ചെയ്തത് ഇവിടെ സ്ഫോടനാത്മകവും സംഘർഷഭരിതവുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചു. ഈ ഘട്ടത്തിലാണ് മഹാനായ എ. കെ. ജിയും ഫാദർ വടക്കനും സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതും. ഒടിയപാറയിൽ നിരാഹാര സത്യാഗ്രഹം നടത്തിയതും. ഇതിന്റെ ഫലമായി ഏകദേശം 400 ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുകയും ചെയ്തു. ഇത് ജനങ്ങളിൽ ആത്മ വിശ്വാസം വളർത്തുകയും അവകാശ സമരങ്ങൾക്ക് പ്രചോദനം നൽകുകയും ചെയ്തു.

ഈ പഞ്ചായത്തിൽ ആദ്യമായി ഒരു ട്രേഡ് യൂണിയനുണ്ടായത് 1970–ൽ ചെത്തുതൊഴിലാളികളുടെ സംഘടനയാണ്. അസംഘടിത മേഖലകളിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ 1977-ൽ ഫോറസ്റ്റ് ആൻറ് ജനറൽ വർക്കേഴ്സ്, യൂണിയൻ എന്ന പേരിലും വിവിധ ഘട്ടങ്ങളിലായി ചുമട്ടുതൊഴിലാളി യൂണിയൻ, കർഷക തൊഴിലാളി യൂണിയൻ തുടങ്ങിയ പല യൂണിയനുകളും നിലവിൽ വന്നിട്ടുണ്ട്. എന്നാലിന്നും ശക്തമായി നിലകൊള്ളുന്നതും പഞ്ചായത്തിലാകെ പ്രവർത്തിക്കുന്നതും ഫോറസ്റ്റ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ മാത്രമാണ്.

ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ നിരവധിപ്പേർക്കിവിടെ കൈവശ

ഭൂമിയിലവകാശം ലഭിച്ചിട്ടുണ്ട്. ഒററപ്പെട്ട കുടികിടപ്പ് സമരങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഉല്പാദന മേഖലയിൽ പ്രത്യക്ഷമായ ക്ഷമതയുണ്ടായെന്ന് പറയാനാവില്ല.

നാടിൻെറ നാനാവിധ വികസന സംരംഭങ്ങളിൽ സംഘടിതമായ സന്നദ്ധ സേവനങ്ങൾ ഒന്നും തന്നെ ഇവിടെ നടന്നിട്ടില്ല, 40 വർഷത്തെ പഞ്ചവൽസര പദ്ധതികൾക്കോ നാളിതുവരെയുള്ള പഞ്ചായത്ത് പ്രവർത്തനങ്ങൾക്കോ ജനകീയാവേശം ഉണർത്തുവാൻ സാധിച്ചിട്ടില്ല. അവർ വെറും കാണികളെ പോലെ നിസംഗരായി നോക്കിനിന്നിട്ടേയുള്ളു. കൃഷി, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, ഭവനം, ഗതാഗതം. കുടിവെള്ളം തുടങ്ങിയ സകല മേഖലകളും വളർച്ച മുരടിച്ചു നിൽക്കുന്നു. കാലാകാലങ്ങളിൽ സർക്കാരിൽ നിന്നു ലഭിച്ച ഗ്രാൻറുകൾ കൊണ്ട് പഞ്ചായത്തിന് കാര്യമായ പുരോഗതി കൈവരിക്കാനായിട്ടില്ല. അതിനൊരു മാററം വരുത്തുന്നതിനും ജനകീയ പങ്കാളിത്തത്തോടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ഇന്ന് ശ്രമം ആരംഭിച്ചിരിക്കുകയാണ്.

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിൻെറ പൊതുവെയുള്ള കിടപ്പ് വടക്കുനിന്ന് തെക്കോട്ടാണ്. വടക്ക് മൈത്രാൻകൂപ്പ്, പൊത്തൻചീനി, പൊതകുളം, മണിപ്പാറ വരെ സാമാന്യം ഉയരം കൂടിയ പ്രദേശമാണ്. തുടർന്ന് കുന്നിൻ ചരിവു മുതൽ തെക്ക് കാളിയാർ പുഴ വരെ സമതലമാണ്. ഈ സമതലത്തിൽ നിലവും പുരയിടവും ഉൾപ്പെടുന്നു. സമതലത്തിൻ തെക്കുപടിഞ്ഞാറു ഭാഗത്തായി മാപ്പിളകുടിതണ്ട്, മദ്ധ്യഭാഗത്ത് പനിയൻപാറതണ്ട് കുറച്ചുകൂടി വടക്ക് കിഴക്ക് പള്ളിക്കുന്ന് എന്നീ 3 കുന്നുകളുമുണ്ട്. എല്ലാ വാർഡുകളിലും ഒററപ്പെട്ട പാറകൾ കാണുന്നുണ്ട്. വടക്കേ പുന്നമററം വാർഡിൽ ശരാശരി 20 അടി താഴെ തട്ടുപാറകൾ കാണുന്നു.

പഞ്ചായത്തിലുടനീളം പൊതുവെ ഫലഭൂയിഷ്ടിയുള്ള ചെമ്മണ്ണാണുള്ളത്. എന്നാൽ കുന്നുകളും താഴ്വാരകളും കറുപ്പും ചുവപ്പും ഇടകലർന്ന മണ്ണ് കാണപ്പെടുന്നു പാടങ്ങളിൽ ഇരുപ്പൂ നെൽകൃഷി നടത്തിവരുന്നു. എന്നാൽ രണ്ടാം കൃഷിക്ക് പല പാടങ്ങളിലും ജല ദൗർലഭ്യം അനുഭപ്പെടുന്നുണ്ട്. അതുകൊണ്ട് താമസംവിന അപ്രകാരമുള്ള പാടങ്ങൾ ഒരുപ്പൂ നിലങ്ങളായും പുരയിടങ്ങളായും മാറിപ്പോകാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ യാതൊരു വിധത്തിലുള്ള ജലസേചന സൗകര്യങ്ങളുമില്ല, വേനൽക്കാലമാവുന്നതോടെ ജലം വററുന്ന തോടുകളാണ് ഇവിടെയുള്ളത്. അതിരുകളിൽകൂടി കാളിയാർ പുഴയും പരീക്കണ്ണി പുഴയും ഒഴുകുന്നുണ്ടെങ്കിലും അവിടങ്ങളിലൊരിടത്തും ചെക്ക് ഡാമുകളോ അണക്കെട്ടുകളോ ഇല്ല. ജല സമൃദ്ധിയുള്ള മരുതവാമല പാടം പോലെയുള്ള സ്ഥലങ്ങളിൽ ജലസേചനത്തിന് വലിയ കുളങ്ങൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. കൊല്ലത്തിൽ 5 മാസക്കാലം ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

കഴിഞ്ഞ അരനൂററാണ്ട് കാലങ്ങളിൽ വന്ന കാലാവസ്ഥ വ്യതിയാനം ശ്രദ്ധേയമാണ്. കാലവർഷം താമസിച്ച് ആരംഭിക്കുന്നു. അതിനനുരിച്ച് തുലാവർഷം താമസിച്ച് തുടങ്ങുന്നു. കാലവർഷത്തിലുള്ള ജലപാതം കുറവില്ലെങ്കിലും തുലാവർഷം

പൊതുവെ കുറവാണ്. മണ്ണിന്റെ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാലവർഷക്കാലത്ത് പുരയിടങ്ങളിലുടനീളം ഉണ്ടായിരുന്ന ഉറവകൾ ഇന്നില്ല. ചൂടിന്റെ കാഠിന്യമേറിയതുകൊണ്ടും മണ്ണിന്റെ ജലസംഭരണശേഷി കുറഞ്ഞുപോയതുകൊണ്ടും കിണറുകളിലെയും കുളങ്ങളിലെയും നദികളിലെയും ജലവിതാനം അതിവേഗം താഴ്ന്നുപോകുന്നു.

## ജൈവ സമ്പത്ത്

പുരയിടങ്ങളിലധികവും റബ്ബറും തെങ്ങുമാണ് കൃഷി ചെയ്തിരിക്കുന്നത്. തൊട്ടടുത്ത സ്ഥാനം പൈനാപ്പിളിനാണ്. അടുത്ത കാലത്തായി ഇരുപ്പൂനിലങ്ങളിലും റബ്ബറും പൈനാപ്പിളും കൃഷി ചെയ്തുവരുന്നു. കമുക്, കൊക്കോ, കാപ്പി, കുരുമുളക് എന്നിവയും ചെറിയതോതിൽ കൃഷി ചെയ്യുന്നുണ്ട്. മുമ്പ് സമൃദ്ധമായി കൃഷി ചെയ്തുവന്നിരുന്ന ഇഞ്ചി, മഞ്ഞൾ, കച്ചൂലം തുടങ്ങിയ കൃഷികൾ നാമമാത്രമായി തീർന്നിരിക്കുന്നു. മാവ്, പ്ലാവ്, ആഞ്ഞിലി തുടങ്ങിയ വൃക്ഷങ്ങളും പാഴ്വൃക്ഷങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വൃക്ഷവൈവിധ്യം കൊണ്ട് സമ്പന്നമായിരുന്ന ഗ്രാമം ഇന്നങ്ങനെയല്ലാതായി മാറിപ്പോയിരിക്കുന്നു.

## ഭൂവിനിയോഗം

ഭൂമിയുടെ ഓരോ ഇഞ്ചും ഇവിടെ പ്രയോജനപ്പെടുത്തുന്നുണ്ട്. തരിശു ഭൂമികളേയിവിടില്ല. എല്ലായിടത്തും നാണ്യവിള ഉല്പാദിപ്പിക്കുവാനുള്ള അഭിനിവേശമാണ് കാണുന്നത്. റബ്ബർ തോട്ടമൊഴികെ മറ്റെല്ലാ സ്ഥലത്തും ഇടവിള കൃഷിചെയ്തു തുടങ്ങുവാനുള്ള പ്രവണത കണ്ടുതുടങ്ങിയിട്ടുണ്ട്. എന്നാലിത് ശാസ്ത്രീയമായി ഓരോ സ്ഥലത്തും അനുയോജ്യമായ കൃഷി നടത്തുന്നതിന് കർഷകന് വേണ്ട മാർഗ്ഗനിർദ്ദേശം നല്കുവാൻ സംവിധാനമില്ല. കൃഷിഭവനുണ്ടെങ്കിലും കടലാസ് പദ്ധതിയിൽ അതിന്റെ പ്രവർത്തനമൊതുങ്ങുന്നു.

## മൃഗസമ്പത്ത്

പഞ്ചായത്തിൽ മൃഗസമ്പത്ത് പൊതുവെ കുറവായതിന്റെ അടിസ്ഥാന കാരണം മേച്ചിൽ സ്ഥലങ്ങളുടെ അഭാവമാണ്. ഭൂമി പാഴാക്കി ഇടുന്ന സമ്പ്രദായം അസ്തമിച്ചതോടുകൂടി വളർത്തുമൃഗങ്ങളുടെ എണ്ണം കുറഞ്ഞു. കാലിത്തീറ്റകളുടെ അമിതവില മൂലം താരതമ്യേന അതും അപ്രാപ്യമാണ്. എന്നാൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുവേണ്ട നിർദ്ദേശമോ പ്രോത്സാഹനമോ നാളിതുവരെയായിട്ടും ഉണ്ടായിട്ടില്ല. ആടുവളർത്തൽ ലാഭകരമായ ഒരേർപ്പാടായി ആരും ഇവിടെ മനസിലാക്കിയിട്ടില്ല. കോഴിവളർത്തൽ, പന്നിവളർത്തൽ തുടങ്ങിയവയും വ്യവസായികാടിസ്ഥാനത്തിൽ പ്രചാരത്തിലായിട്ടില്ല. ഈ മേഖലകളിലെല്ലാം വൻ വികസന സാധ്യതയാണുള്ളത്.

## മനുഷ്യസമ്പത്ത്

ഇവിടെ ഏറ്റവും കൂടുതലുള്ളത് മനുഷ്യ സമ്പത്താണെങ്കിലും കൃത്യമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നുള്ള കാര്യം എടുത്തുപറയേണ്ടതാണ്.

| മൊത്തം ജനസംഖ്യ | പു | സ്ത്രീ | തൊഴിൽ | | ഭാഗികമായ തൊഴിൽ | |
|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ |
| 14643 | 51% | 49% | 40% | 20% | 15% | 15% |

അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ഒരു ജന വിഭാഗം തൊഴിലില്ലാതെ കഴിയുന്നു. സ്ഥിരമായ തൊഴിലിനു വേണ്ടയാതൊരുവിധ സാധ്യതയും നിലവിലില്ല. വ്യവസായങ്ങൾ ഇവിടെ തീരെയില്ല. നെൽകൃഷി ലാഭകരമല്ലാതായി തീർന്നതോടുകൂടി കർഷകതൊഴിലാളികൾ മററു മേഖലകളന്വേഷിച്ചുതുടങ്ങി. കാർഷികോല്പന്നങ്ങളെ ആശ്രയിച്ചുമാത്രമെ വ്യവസായമാരംഭിക്കുവാൻ സാദ്ധ്യതയുള്ളുവെങ്കിലും ആ വിധത്തിലുള്ള യാതൊരുവിധാന്വേഷണവും ഇതുവരെ നടന്നിട്ടില്ല. കായികാധ്വാനത്തിനാരും തയ്യാറല്ലാത്ത ഒരു മനോഗതി സമൂഹത്തിൽ ഏറിവരികയാണ്. കൂലിയേക്കാൾ അതായത് പ്രയത്നത്തേക്കാൾ ലാഭമുള്ള വേലകളോടാണ് ജനങ്ങൾക്ക് കൂടുതൽ താല്പര്യം. ചെറിയ തോതിലായാലും പണം പലിശക്ക് കൊടുക്കുവാനും വസ്തു ബ്രോക്കറന്മാരാകുവാനും മാത്രമല്ല മദ്യം കരിഞ്ചന്തയിൽ വില്ക്കുവാനും കഞ്ചാവും മററും വില്ക്കുവാനും ചെറിയ ഒരു വിഭാഗം ജനങ്ങൾ താല്പര്യമെടുക്കുന്നുണ്ട് എന്നത് വളരെ ഖേദകരമായ വസ്തുതയാണ്. അങ്ങിനെ വിശാലമായ അർത്ഥത്തിൽ കായികാധ്വാനം ഇവിടെ മരവിച്ചു നില്ക്കുകയാണ്.

# 1. കൃഷിയും ജലസേചനവും

നമ്മുടെ പഞ്ചായത്ത് മുഖ്യമായും ഒരു കാർഷിക മേഖലയാണ് കേരളത്തിലെ ഏതൊരു ഗ്രാമത്തെയും പോലെ നമ്മുടെ ഗ്രാമവും ഈ നൂററാണ്ടിൻെറ ആരംഭം മുതൽ കൃഷിയെ മാത്രം ആശ്രയിച്ചുപോരുന്നു, പ്രധാന ജീവിത മാർഗ്ഗം കൃഷിയാണെങ്കിലും ഇന്നും ഈ മേഖല വമ്പിച്ച പ്രതിസന്ധിയെയും വെല്ലുവിളിയെയും നേരിട്ടുകൊണ്ടിരിയ്ക്കയാണ് എട്ടുപഞ്ചവത്സര പദ്ധതികൾ പിന്നിട്ടു കഴിഞ്ഞെങ്കിലും ഈ രംഗത്തെ നമ്മുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പലതും പൂർണ്ണമായി പരിഹരിച്ചിട്ടില്ലെന്നതാണ് വസ്തുത. നമ്മുടെ കാർഷികോല്പാദനവും ഉത്പാദനക്ഷമതയും താഴെയാണ്. ഇതിൻെറ പ്രധാനകാരണം നിലവിലുള്ള നമ്മുടെ കേന്ദ്രീകൃതാസൂത്രണമാണെന്നു പറയാം.

നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്നത് മൺസൂൺ കാലാവസ്ഥയാണ്. ഏപ്രിൽ മുതൽ ഒക്ടോബർ വരെ കാലവർഷവും തുലാവർഷവും ബാക്കി കാലങ്ങളിൽ വേനല്കാലവുമാണ്. മഴക്കാലത്തിനും വേനല്കാലത്തിനുമിടയിൽ ഹ്രസ്വമായ മഞ്ഞുകാലം അനുഭവപ്പെടുന്നുണ്ട്.

കഴിഞ്ഞ 50 വർഷത്തിനുള്ളിൽ നമ്മുടെ കാർഷിക രംഗത്ത് വിപ്ലവകരമായ പല മാററങ്ങളുമുണ്ടായിട്ടുണ്ട്. കർഷകർ ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ അവലംബിച്ചുവരുന്നു. കൃഷി ഒരു പരിധിവരെ യന്ത്രവല്ക്കരിയ്ക്കപ്പെട്ടു കഴിഞ്ഞു. നാം പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന കാലികളുടേയും കലപ്പകളുടേയും സ്ഥാനം ഇന്ന് ട്രാക്ടറും ടില്ലറും കയ്യടക്കിക്കഴിഞ്ഞു. മാത്രമല്ലാ നടീൽ, വിത, കൊയ്ത്ത് മെതി ഇവയെല്ലാം യന്ത്ര സഹായത്താൽ എളുപ്പം നടത്താവുന്ന സ്ഥിതിയാണ്. നെൽകൃഷി ലാഭകരമല്ലാതായി മാറിയിരിക്കുന്നു. നിലങ്ങൾ ഇന്ന് പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യ വിള കൃഷികൾ ഇന്ന് നാണ്യവിള കൃഷികൾക്ക് വഴി മാറിക്കൊടുത്തുകൊണ്ടിരിക്കുന്നു.

നമ്മുടെ മൊത്ത നില വിസ്തൃതി 1115 ഏക്കറും പുരയിടത്തിൻേറത് 4650 ഏക്കറുമാണ്. പാടങ്ങളിൽ പ്രധാനമായും ഇരുപ്പൂനെൽകൃഷിയാണ് നടന്നുവരുന്നത്. അടുത്ത കാലത്തായി പലയിടത്തും കന്നാര കൃഷിയും വ്യാപകമായിട്ടുണ്ട്. പുരയിടങ്ങളിലെ പ്രധാന കൃഷി റബ്ബറാണ്. കൂടാതെ തെങ്ങ്, കമുക്, കുരുമുളക്, കൊക്കോ എന്നിവ കൃഷിചെയ്തുവരുന്നു.

നമ്മുടെ പരമ്പരാഗത വിളകളായ ഇഞ്ചി, മഞ്ഞൾ, കച്ചോലം വാഴ, പച്ചക്കറികൾ എന്നിവയും ധൃതഗതിയിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ കൃഷിയുടെ മുഖ്യ ഭീഷണി വേനൽക്കാലത്തെ നീണ്ട വരൾച്ചയാണ്. തോടുകളിൽ ആറു മാസത്തിൽ കൂടുതൽ ജലം ലഭ്യമല്ല. താഴ്ന്ന പ്രദേശങ്ങളിലൊഴികെ കിണറുകളിലും കുളങ്ങളിലും ജലം ലഭ്യമല്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ജലസേചന പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. പഞ്ചായത്തിലെ പ്രധാന തോടുകൾ താഴെ പറയുന്നവയാണ്.

ചാത്തമററം തോട്, ഇരുട്ടുതോട്, കാട്ടുകുടി തോട്, പൈങ്ങോട്ടൂർ തോട്, കടവൂർമൂറി തോട്, മൂഴിതോട്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന നെൽപ്പാടശേഖരങ്ങൾ താഴെ പറയുന്നവയാണ്.

ചാത്തമററം പാടം, കദളിക്കണ്ടം പാടം, തെക്കേതൊട്ടി പാടം, ചെറുകരപ്പാടം, കാവുംപാറ പാടം, മരുതപാമല പാടം, പിച്ചാപ്പിള്ളി പാടം, ആടുകുഴി പാടം, ആയങ്കര പാടം, വെല്ല്യകണ്ടം പാടം, ഓലിക്കാപാടം, കടവൂർ പാടം, പനങ്കര പാടം, മുറിയോടി പാടം, അമ്പാട്ടുപാടം കവലക്കണ്ടം പാടം, പൊതുകുളം പാടം, തോയേലി പാടം, മൂക്കണ്ണി പാടം, മണിക്കുഴി പാടം, കയ്യത്താര പാടം, ഉറിയം പാടം, ആയിരക്കൊല പാടം കാരാമപ്പാടം.

നമ്മുടെ കാർഷിക രംഗത്തെ നേരിടുന്ന മറെറാരു മുഖ്യ പ്രശ്നം തെങ്ങിനെ ബാധിക്കുന്ന കീട ബാധയാണ്. മററു പ്രധാന പ്രശ്നങ്ങൾ വളത്തിന്റെ വില വർദ്ധനവ്, ഉല്പന്നങ്ങളുടെ വിലയിടിവ്, കർഷക തൊഴിലാളികളുടെ അഭാവം എന്നിവയാണ്.

കാർഷിക പ്രധാനമായ നമ്മുടെ പഞ്ചായത്തിൽ കർഷകർക്ക് കൃഷിഭവന്റെ സേവനം കാര്യമായി ഒന്നും തന്നെ ലഭ്യമാകുന്നില്ലെന്നത് ഖേദകരം തന്നെ. കൃഷിഭവനിലെ ഉദ്യോഗസ്ഥർ ഫീൽഡ് വർക്ക് നടത്തുകയോ കൃഷിക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല.

കൃഷിഭവന്റെ കീഴിൽ നിലവിലുള്ള കർഷക സംരംഭങ്ങളായ പാടശേഖരകമ്മിററി കേര കർഷക സമിതി, റബ്ബർ കൃഷി വികസന സമിതി, കുരുമുളക് വികസന സമിതി എന്നിവ വെറും നാമധേയ സമിതികളായി നിലനില്ക്കുന്നു. സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പു രീതിയും അവയുടെ പ്രവർത്തന ശൈലിയും സംബന്ധിച്ച് യഥാർത്ഥ കർഷകരുടെ ഇടയിൽ ഭിന്നാഭിപ്രായം നിലവിലുണ്ട്,

കൃഷിഭവനിൽ നിന്ന് ലഭ്യമായ രേഖകളനുസരിച്ചുള്ള ചില സ്ഥിതിവിവരക്കണക്കുകൾ താഴെ ചേർക്കുന്നു.

## ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ 1995-96

| | |
|---|---|
| നിലം | 1115 ഏക്കർ 9 സെൻറ് |
| പുരയിടം | 4644 ,, 76 ,, |
| പുറമ്പോക്ക് | 960 ഏക്കർ |
| കൃഷിയോഗ്യമായ തരിശ് | 160 ഏക്കർ 37 സെൻറ് |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 100 ഏക്കർ |
| ആകെ | 5958 ഏക്കർ 91 സെൻറ് |

## വിള വിസ്തീർണ്ണവും ഉല്പാദനവും 1995-96

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (Hrs.) |
|---|---|---|---|
| നെല്ല് (1-ാം വിള) | 220 Hrs. | 530 Tons | 2950 Kg. |
| ,, (2-ാം വിള) | 210 ,, | 393 ,, | 2350 Kg. |
| ,, (3-ാം വിള) | ... | ... | ... |
| തെങ്ങ് | 600 Hrs. | 3198794 Nuts | 5410 Nuts |
| റബ്ബർ | 2410 ,, | 1690 Tone dry | 2425 Kg./Hr. |
| പൈനാപ്പിൾ | 50 ,, | 405 Tons | 10000 kg./Hr |

മേൽ കാണിച്ചിരിക്കുന്ന കണക്കുകളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ നെല്ല്, തെങ്ങ് ഇവയുടെ ഉല്പാദനക്ഷമത താരതമ്യേന കുറവാണെന്നും റബറിന്റേത് സാമാന്യം തൃപ്തികരമാണെന്നും മനസിലാക്കാം. പൈനാപ്പിളിന്റെ ഉല്പാദനക്ഷമത മെച്ചപ്പെട്ട തോതിലുമാണ് എന്നും കാണാം.

## മൊത്തം കൃഷിക്കാർ 1995-96

| | |
|---|---|
| ഒരു ഹെക്ടറിൽ താഴെ (നാമമാത്ര കൃഷിക്കാർ) | 3415 പേർ |
| 1 മുതൽ 2 വരെ ഹെക്ടർ (ചെറുകിട കൃഷിക്കാർ) | 1906 പേർ |
| 2 ഹെക്ടറിനുമേൽ | 519 പേർ |

വില്ലേജാഫീസിൽനിന്നും ലഭ്യമായ സ്ഥിതി വിവര കണക്കുകൾ താഴെ ചേർക്കുന്നു

## ഭൂവിസ്തൃതി 1995-96

| | |
|---|---|
| മൊത്തം പുരയിടം | 4645 ഏ. 94 സെൻറ് |
| ,, നിലം | 1115 ഏ. 9 സെൻറ് |
| പുറമ്പോക്ക് | 38 ഏ. 67 സെൻറ് |
| തരിശ് | 159 ഏ. 10 സെൻറ് |
| ആകെ ഭൂമി | 6000 ഏക്കർ |

## കൃഷിക്കാർ 1995-96

| | | |
|---|---|---|
| 10 സെൻറിൽ താഴെ | 1086 | പേർ |
| 10 സെൻറുമുതൽ 25 സെൻറുവരെ | 875 | ,, |
| 25 ,, 50 ,, | 542 | ,, |
| 50 ,, 1 ഏക്കർ വരെ | 912 | ,, |
| 2 ഏക്കർ മുതൽ 5 ,, | 1076 | ,, |
| 5 ഏക്കറിനുമുകളിൽ | 508 | ,, |

## പ്രശ്നങ്ങൾ

1) നെൽകൃഷി ലാഭകരമല്ല.
2) ഭക്ഷ്യ വിളകളിൽ നിന്ന് കൃഷിക്കാർ നാണ്യവിളകളിലേയ്ക്ക് മാറുന്നു.
3) നിലം പുരയിടമാക്കുന്നു.
4) കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
5) കാർഷിക രംഗത്ത് കൂലി വർദ്ധിക്കുന്നു.
6) തെങ്ങിൻെറ രോഗങ്ങളും ഉല്പാദനകുറവും.
7) തേങ്ങയുടെ വിലയിടിവ്.
8) തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യാൻ പററുന്നില്ല.
9) നല്ലയിനം നടീൽ വസ്തുക്കൾ വേണ്ടത്ര ലഭ്യമല്ല.
10) മണ്ണുപരിശോധനയ്ക്ക് എളുപ്പമായ മാർഗ്ഗങ്ങളില്ല.
11) രാസവളങ്ങളുടെ വില വർദ്ധനവ്.
12) ജൈവ വളങ്ങൾ വേണ്ടത്ര ലഭ്യമല്ല.
13) ജലസേചന സൗകര്യങ്ങൾ തീരെയില്ല.
14) പച്ചക്കറി കൃഷിയുടെ രോഗങ്ങൾ.
15) മണ്ണ്-ജലസംരക്ഷണം വേണ്ട വിധം നടത്താൻ പററുന്നില്ല.
16) പ്രധാന വിളയായ റബറിൻെറ രോഗങ്ങൾ.
17) കൃഷിഭവൻെറ കീഴിലുള്ള കർഷക സംരംഭങ്ങൾ നിർജ്ജീവങ്ങളാണ്.
18) കാർഷികോല്പന്നങ്ങളുടെ വിപണന സംസ്ക്കരണ സൗകര്യങ്ങളുടെ അപര്യാപ്തത.
19) കാർഷിക വായ്പാനടപടി ക്രമങ്ങളുടെ ഗുരുത്വം.
20) കൃഷിഭവൻെറ പ്രവർത്തനം തൃപ്തികരമല്ല.
21) വരൾച്ച, വെള്ളപ്പൊക്കം, കൊടുങ്കാററ്, അഗ്നിബാധ ഇവ മൂലം അപ്രതീക്ഷിതമായി സംഭവിക്കാവുന്ന കൃഷി നാശങ്ങൾക്ക് തൃപ്തികരമായ നഷ്ട പരിഹാര മാർഗ്ഗങ്ങളില്ല.
22) കൃഷിഭവൻ പ്രവർത്തിക്കുന്നത് കേന്ദ്ര സ്ഥാനത്തല്ല.
23) പണി പൂർത്തിയായ ആനക്കുഴി ലിഫ്ററ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല.
24) പരീക്കണ്ണി, കാളിയാർ പുഴകളുടെ തീര ഭിത്തി ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

# നിർദ്ദേശങ്ങൾ — സാദ്ധ്യതകൾ

1 നെൽകൃഷി ലാഭകരമാക്കാൻ കൂട്ടുകൃഷി സമ്പ്രദായം ഒരു പരിധിവരെ നടപ്പിലാക്കുക.

2 നിലം പുരയിടമാക്കുന്നതിനെ തടയാൻ പഞ്ചായത്ത് ലവലിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, സാമൂഹ്യ സമ്മർദ്ദം ചെലുത്തുക.

3 തെങ്ങുരോഗ നിയന്ത്രണത്തിന് കീടനാശിനികൾ, ബോർഡോമിശ്രിതം ഇവ കൂട്ടായി പ്രയോഗിക്കുന്ന സംവിധാനം ഏർപ്പെടുത്തുക, അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ വഴി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക. സർക്കാർ വിതരണം ചെയ്യുന്ന വിത്തുകളും, തൈകളും ആവർത്തന കൃഷി വിളകളിൽ നിന്നും ശേഖരിച്ചവയാകയാൽ ശരിയായ ഗുണനിലവാരമുണ്ടാകുകയില്ല. അതുകൊണ്ട് F I വിത്തുകൾ ലഭ്യമാക്കാനുള്ള മാർഗം കണ്ടെത്തണം.

4 മണ്ണുപരിശോധന വ്യാപകമായി നടത്തുവാൻ ബന്ധപ്പെട്ടവരുടെ സഹായം എത്തിക്കുക.

5 പച്ചില ചെടികളുടെ കൃഷിക്കും കമ്പോസ്റ്റ് നിർമ്മാണത്തിനും സബ്സിഡി ഏർപ്പെടുത്തുക.

6 രാസവള സബ്സ്ഡിപോലെ ജൈവവളങ്ങളായ എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക് കടലപ്പിണ്ണാക്ക്, കുമ്മായം, ഡോളോമൈറ്റ് എന്നിവക്കും സബ്സിഡി നൽകുക

7 സൗകര്യ പ്രദമായ സ്ഥലങ്ങളിൽ ജലസേജന പദ്ധതികൾ നടപ്പിലാക്കുക.

8 ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുന്നതിന് നടപടിയെടുക്കുക.

9 ആവശ്യമായ സ്ഥലങ്ങളിൽ തോടുകളുടെ പുറം ബണ്ട്, ക്രോസ്ബാർ, സൈഡ് കെട്ട് ഇവ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക. ഇവയ്ക്ക് 50% സബ്സിഡി നൽകുക.

10 ജൈവ കീടനാശിനികൾ വൻ തോതിൽ നിർമ്മിക്കാൻ 50% സബ്സിഡി നൽകുക.

11 മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്ന വൻപയർ, എള്ള്, ചണം എന്നിവയുടെ വിത്ത് നാമമാത്രമായ വിലയ്ക്ക് വിതരണം ചെയ്യുക

12 പഞ്ചായത്ത് തലത്തിൽ ഒരു പച്ചക്കറി വിൽപന സ്റ്റാൾ തുറക്കുക; വീട്ടുമുററത്തെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുക.

13 റബ്ബർ കൃഷി വികസനത്തിന് ഒരു റബ്ബർ ഉല്പാദക സംഘം (R P S) ആരംഭിക്കാൻ നടപടിയെടുക്കുക.

14 കാർഷിക ഉല്പന്നങ്ങളുടെ വിപണന സംസ്ക്കരണ ചുമതല സ്ഥലം സഹകരണ സംഘത്തെ ഏല്പിക്കുക.

15 പഞ്ചായത്ത് നേതൃത്വത്തിൽ ഒരു സൗജന്യ വിള ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക.

16 നല്ലയിനം നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു നഴ്സറി ആരംഭിക്കുക.

17 കൃഷി ഭവന്റെ കീഴിലുള്ള കർഷക സംരംഭങ്ങൾ മാതൃകാ കർഷകരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുക.

18 കൃഷിക്കാർക്കുള്ള ബാങ്കുവായ്പാ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

19 കാർഷികാവശ്യത്തിനുള്ള വൈദ്യുതി ചാർജ് റദ്ദുചെയ്യുക.

20 ഹള്ളറുപയോഗിച്ച് പ്രവർത്തിക്കുന്ന റൈസ് മില്ലുകളുടെ ലൈസൻസ് രീതി റദ്ദാക്കുക; ബന്ധപ്പെട്ടവർക്ക് മിച്ചമുള്ള നെല്ല് അരിയാക്കി വിൽക്കുവാൻ കഴിയുമാറ് വ്യവസ്ഥയുണ്ടാക്കുക.

21 മിനി-മീഡിയം കൊയ്ത്ത് മെതിയന്ത്രങ്ങൾ സബ്സിഡിയായി നൽകുക.

22 പഞ്ചായത്തിൽ ഒരു അഗ്രോ ക്ലിനിക് സ്ഥാപിക്കുക.

23 പഞ്ചായത്തിൽ ഒരു പൊതുമാർക്കററും ഹയർ പർച്ചേസ് സെൻററും തുടങ്ങുക.

24 എല്ലാ പാടശേഖരങ്ങളുടെയും സംരക്ഷണാർത്ഥം ബണ്ടുകൾ നിർമ്മിക്കുക.

25 കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

26 കൃഷിക്ക് ബോർഡോ മിശ്രിത പ്രയോഗം കൂട്ടായും വ്യാപകമായും ജനപങ്കാളിത്തത്തോടെ നടത്തുക.

27 പീണ്ടിക്കയം ലിഫ്ററ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുക.

28 പീണ്ടിക്കയം മുതൽ ഉറീക്കാട്ടുകയം വരെ അത്യാവശ്യമായ ഭാഗങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിക്കുക.

29 പരിതപ്പുഴയിൽ ഒരു ചെക്കുഡാം കം ചപ്പാത്തുനിർമ്മിക്കുക.

30 ചാത്തമററം-ആനക്കുഴി ലിഫ്ററ് ഇറിഗേഷൻ കമ്മീഷൻ ചെയ്യുക.

31 പരീക്കണ്ണി–കാളിയാർ പുഴകളുടെ ആവശ്യമായ ഭാഗങ്ങളിൽ സൈഡ് കെട്ടുന്നതിന് നടപടി സ്വീകരിക്കുക.

32 കൃഷിയ്ക്ക് പരോക്ഷമായി സഹായം നൽകുന്ന ഒച്ച്, തവള എന്നിവ നശിക്കുമാറ് നടത്തി വരുന്ന നഞ്ചിടീൽ, തോട്ട ഇടീൽ ഇവ നിരോധിക്കുക.

33 പുഴയിലെ മണൽവാരൽ നിരോധിക്കുക; അതുവഴി ഉണ്ടാകുന്ന ജലവിതാന താഴ്ച പാടങ്ങളെയും ബാധിക്കുന്നതാണ്.

34 വനപ്രദേശങ്ങളോട് തൊട്ടുകിടക്കുന്ന ഉയർന്ന പ്രദേശങ്ങളായ ചാത്തമററം, കടവൂർ പനങ്കര, ഞാറക്കാട് എന്നിവിടങ്ങളിൽ വാട്ടർഷെഡ് മാനേജ്മെൻറ് സ്കീം നടപ്പാക്കുക.

35 കിണർ, കുളം ഇവ കുഴിക്കുന്നതിന് 50% സബ്സിഡി നൽകുക.

36 പഞ്ചായത്ത് തെങ്ങുരോഗ ബാധിത പ്രദേശമായി പ്രഖ്യാപിക്കുക; കർഷകർക്ക് അതുമൂലം നിരവധി ആനുകൂല്യങ്ങൾ ലഭിക്കും.

37 ചെറുകിട കൃഷിക്കാർക്ക് കൊപ്രാ ഉണക്കുവാൻ സാധിക്കുമാറ് ഡ്രയറുകൾ സബ്സിഡി നിരക്കിൽ നൽകുക.

38 പൈങ്ങോട്ടൂർ സെൻററിൽ ഒരു കരിക്കുസംഭരണ വിതരണ കേന്ദ്രം തുറക്കുക.

39 പുതിയ ഇനം കുരുമുളകു വള്ളികൾ, കൊക്കോ, കശുവിൻ മാവ് എന്നിവയുടെ ബഡ് തൈകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

40 ബോർഡോ മിശ്രിതം ട്രൈക്കോ ഡെർമ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

41 കൃഷി ഭവനും കർഷകരും തമ്മിലുള്ള ബന്ധം ദൃഢമാക്കുമാറ് പഞ്ചായത്തുതലത്തിൽ കാർഷിക മേള, കർഷക സെമിനാർ ഇവ സംഘടിപ്പിക്കുക. വിള മൽസരങ്ങൾ ഏർപ്പെടുത്തി വിജയികൾക്ക് സമ്മാനങ്ങളും ഏർപ്പെടുത്തുക.

42 കൃഷി ഭവന് സ്വന്തമായി കെട്ടിടം പണിയിച്ച് സൗകര്യപ്രദമായ സ്ഥാനത്ത് സ്ഥാപിക്കുക.

43 കൃഷി ഭവൻെറ കീഴിലുള്ള കർഷക സംരംഭങ്ങൾ പുനഃസംഘടിപ്പിക്കുക.

# മൃഗ സംരക്ഷണം

കൃഷിയും മൃഗസംരക്ഷണവും പരസ്പരം ബന്ധപ്പെട്ട മേഖലകളാണ്. തന്മൂലം കാർഷികരംഗത്തു സംഭവിച്ച മാററങ്ങൾ ഒരു പരിധിവരെ ഈ രംഗത്തേയും ബാധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. മൃഗസംരക്ഷണത്തിൽ മുഖ്യസ്ഥാനം കാലി വളർത്തലിനാണ്. നെൽകൃഷിയിലുള്ള താല്പര്യം കുറഞ്ഞതുവഴി കാലി വളർത്തലും നമ്മുടെ ഇടയിൽ ചുരുങ്ങിയിട്ടുണ്ട്. കാളകളെയും മൂരിക്കുട്ടികളെയും ഇന്ന് നാട്ടിൽ ഒരിടത്തും ദർശിക്കാനില്ല. പ്രധാന വളർത്തുമൃഗം പശുവാണ്. മുഖ്യമായും പാൽ, ചാണകം, ഗോബർ ഗ്യാസ് എന്നിവയ്ക്കുവേണ്ടിയാണ് നാം പശുക്കളെ ഇന്ന് വളർത്തുന്നത്. പാൽ ഒരു സമീകൃതാഹാരമാണല്ലോ. ആ നിലയ്ക്ക് പശു വളർത്തലിന് വഷർഷങ്ങളോളം പഴക്കമുണ്ട്. ഇന്ന് സാധാരണക്കാരന്റെ ഒരു മുഖ്യ ജീവിതമാർഗ്ഗം കൂടിയാണിത്. പാവപ്പെട്ട കുടുംബങ്ങളിലെ പ്രധാന വളർത്തുമൃഗം ആടാണ്. ആട്ടിൻ പാലിന് ഔഷധ ഗുണവുമുണ്ട് കൂടാതെ ചിലർ പന്നി, മുയൽ എന്നിവയെയും വളർത്തുന്നുണ്ട്. മിക്ക വീടുകളിലും പട്ടി, പൂച്ച എന്നിവയുമുണ്ട്.

മൃഗ സംരക്ഷണ മേഖലയും ഇന്നം പല വെല്ലുവിളികളേയും നേരിടുന്നുണ്ട്. പ്രധാന പ്രതിസന്ധി കാലികളുടെ തീററിപ്പുൽ ദൗർലഭ്യവും കാലിതീററ വില വർദ്ധനയുമാണ്. മററൊരു പ്രശ്നം മേൽത്തരം ഇനങ്ങളുടെ ദൗർലഭ്യമാണ്. കാലികളെ ബാധിക്കാറുള്ള പ്രധാന രോഗങ്ങൾ കുളമ്പു ദീനവും അകിടു വീക്കവുമാണ്. നമ്മുടെ പശുക്കളുടെ ഇടയിൽ കണ്ടുവരുന്ന മററു പ്രധാന രോഗങ്ങൾ പ്രത്യുൽപാദന സംബന്ധമായവയും വന്ധ്യതയുമാണ്. ചില പശുക്കൾക്ക് പ്രത്യുല്പാദനത്തിന് രണ്ടിലധികം തവണ കൃത്രിമ ബീജ സങ്കലനം നടത്തേണ്ടതായും വരുന്നുണ്ട്. കാലികളിലെ പകർച്ച വ്യാധികൾ നമ്മുടെ നാട്ടിൽ കാണുന്നില്ല.

മൃഗ സംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമായ സ്ഥിതിവിവരകണക്കുകൾ താഴെ ചേർക്കുന്നു.

## വളർത്തുമൃഗങ്ങൾ 1995-96

| ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | 2-ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1513 | 703 | 210 |
| കിടാരി | 279 | 88 | 25 |
| എരുമ | 104 | 43 | 12 |

| രോഗം | പശു | എരുമ | ആട് | പട്ടി |
|---|---|---|---|---|
| ദഹനസംബന്ധം | 82 | 1 | 48 | 5 |
| ത്വക് സംബന്ധം | 20 | 1 | 2 | 8 |
| പരാഗ സംബന്ധം | 478 | 30 | 107 | 81 |
| പ്രത്യുൽപാദന സംബന്ധം | 88 | 13 | 2 | ........ |
| വന്ധ്യത | 112 | 6 | 9 | ........ |
| അകിടുവീക്കം | 53 | 6 | 5 | ........ |
| പകർച്ച വ്യാധികൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

പഞ്ചായത്തു പ്രദേശത്ത് മിക്ക വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കോഴിയിറച്ചിക്ക് ഈയിടെയായി ഡിമാൻറു വർദ്ധിച്ചു വരികയാണ്. ചാത്തമററത്ത് സ്വകാര്യമേഖലയിൽ ഒരു ബ്രോയിലർ യൂണിററ് പ്രവർത്തിക്കുന്നുണ്ട്. ചില വീടുകളിൽ താറാവിനെയും ചുരുക്കമായി കാണാം. കോഴിവസന്ത ഇവിടത്തെ ഒരു പ്രധാന പകർച്ച വ്യാധിയാണ്. എല്ലാ പഞ്ചായത്തു വാർഡുകളിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ മൃഗാശുപത്രി പഞ്ചായത്തിൻെറ പശ്ചിമ അതിർത്തിയിൽ ആയങ്കരയിലാണ് പ്രവർത്തിക്കുന്നത്. മററു വാർഡുകളിൽ നിന്ന് ഇവിടേയ്ക്കുള്ള ദൂരം വളരെ കൂടുതലാണ്. കൃത്രിമ ഗർഭോല്പാദനത്തിനും മററുമായി ഒരു പശുവിനെയും കൊണ്ട് മററു വാർഡുകളിൽ നിന്ന് ഇവിടെ എത്തി തിരികെ പോവുക ശ്രമകരമായ ഒരു ജോലിയാണ്. ചാത്തമററത്ത് ഒരു I C D. P. സെൻറർ ഉണ്ട്. മററു വാർഡുകളിലും അത്തരം സെൻററുകൾ തുറക്കേണ്ടതത്യാവശ്യമാണ്.

**പ്രശ്നങ്ങൾ**

1. കാലി വളർത്തൽ കുറഞ്ഞുവരുന്നു.
2. മേച്ചിൽ സ്ഥലം ചുരുങ്ങി
3. തീററിപ്പുൽ ദൗർലഭ്യം
4. കാലിതീററ, കോഴിതീററ വില വർദ്ധനവ്
5. ക്ഷീരോല്പാദക സംഘങ്ങളുടെ പ്രവർത്തനത്തിലെ അപര്യാപ്തത
6. നല്ലയിനം കന്നു്, ആട്, പന്നി, പട്ടി കുട്ടികളെയും കോഴി, താറാവ് കുഞ്ഞുങ്ങളെയും വേണ്ടുവോളം ലഭ്യമല്ല
7. രോഗപ്രതിരോധ നടപടികൾ തൃപ്തികരമല്ല
8. അറവു ശാലകളിലെ ശുചിത്വമില്ലായ്മ, അവയിൽ പഞ്ചായത്ത് നിയന്ത്രണമില്ലായ്മ.

9. പേപ്പട്ടി ശല്യം പൂർണ്ണമായി നിയന്ത്രിക്കപ്പെട്ടിട്ടില്ല
10 ആയങ്കര മൃഗാശുപത്രിയിൽ ശുദ്ധജല വിതരണ സൗകര്യമില്ല. ഫ്രിഡ്ജ് പ്രവർത്തനരഹിതമാണ്, കോമ്പൗണ്ടു വാളില്ല.
11. ചാത്തമറ്റം I. C. D. P. സെൻററിന് സ്വന്തമായി കെട്ടിടമില്ല
12. ചില പ്രദേശങ്ങളിൽ കൃത്രിമ ബീജസങ്കലന സൗകര്യമില്ല

## നിർദ്ദേശങ്ങൾ

1. മേൽത്തരം കന്നുകിടാങ്ങളും, പോത്തിൻകുട്ടികളും, ആട്ടിൻ കുട്ടികളും, പന്നികുട്ടികളും, ശ്വാന കുട്ടികളും, മുയൽകുഞ്ഞുങ്ങളും, കോഴി-താറാവ് കുഞ്ഞുങ്ങളും ഇവയെ വിതരണം ചെയ്യുക
2. തീററിപ്പുൽ വിത്ത് സൗജന്യമായി വിതരണം ചെയ്യുക, കൃഷിക്ക് സബ്സിഡി നൽകുക
3. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുക
4. അത്യാവശ്യമായ വാർഡുകളിൽ I. C. D. P. സെൻററുകൾ തുറക്കുക
5. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ബ്രോയിലർ പൗൾട്രി യൂണിററ് തുടങ്ങുന്നതിന് ധന സഹായം നൽകുക.
6. വാർഡുതോറും രോഗപ്രതിരോധ കുത്തിവയ്പുക്യാമ്പുകൾ സംഘടിപ്പിക്കുക.
7. അത്യാവശ്യ സ്ഥലങ്ങളിൽ അറവു ശാലകൾ നിർമ്മിക്കുക, അവിടങ്ങളിൽ ശുചിത്വം കർശനമാക്കുക, ശാലയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക
8. പേവിഷ ബാധ കുത്തിവെയ്പ് നിർബന്ധമാക്കുക, പട്ടികൾക്ക് ലൈസൻസ് രീതി ഏർപ്പെടുത്തുക, ലൈസൻസില്ലാത്തവയെ നശിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുക.
9. ആയങ്കര മൃഗാശുപത്രിയിൽ അടിയന്തരമായി ശുദ്ധ ജലവിതരണം എത്തിക്കുക, ഫ്രിഡ്ജ് കേടുപാടു തീർക്കുക, കോമ്പൗണ്ടുവാൾ പണികഴിപ്പിക്കുക
10. ചാത്തമറ്റം I. C. D. P. സെൻററിന് ഒരു കെട്ടിടം നൽകുക
11. മൃഗാശുപത്രിയോടനുബന്ധിച്ച് ഇൻക്യുബേററർ സംവിധാനത്തോടെ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക
12. നിർദ്ദിഷ്ട കാർഷികമേളയോടനുബന്ധിച്ച് മേൽത്തരം പശുക്കൾ, ആടുകൾ, പട്ടികൾ, പോത്തുകൾ, കോഴികൾ, ഇവയുടെ പ്രദർശന മത്സരം ഏർപ്പെടുത്തുക, വിജയികൾക്ക് സമ്മാനങ്ങളും ഏർപ്പെടുത്തി പ്രോൽസാഹിപ്പിക്കുക

# വനം

ഈ നൂററാണ്ടിൻെറ പ്രാരംഭകാലത്ത് നമ്മുടെ പഞ്ചായത്തിൻെറ പകുതി ഭാഗവും നിബിഡ വനമായിരുന്നു. മുള, ഈററ, ചൂരൽ തുടങ്ങിയവ സമൃദ്ധിയായി വളർന്നിരുന്നു. പക്ഷിമൃഗാദികളെക്കൊണ്ടും വൻ വൃക്ഷങ്ങളാലും സമ്പന്നമായിരുന്ന വനം കുടിയേററം മൂലം ക്ഷയിച്ചു. ഇപ്പോൾ പഞ്ചായത്തിൻെറ വടക്കുഭാഗം അതിർത്തിയിൽ ചാത്തമററം മുതൽ ഞാറക്കാട്ട് വരെ കുറെ റിസർവ് വനം ബാക്കിയായി കിടപ്പുണ്ട്. സമതലം ജനവാസ കേന്ദ്രമായതോടെ പർവ്വത സാനുക്കളിൽ മാത്രം കാണപ്പെടുന്ന വനങ്ങളിൽ പണ്ടത്തെപോലെ വനസമ്പത്ത് ഇല്ല.

ഇവിടെ റിസവുവനമല്ലാതെ സംരക്ഷിതവനമോ ആരാധനാലയങ്ങളെ ചുററിപ്പററിയുള്ള വനങ്ങളോ തീരപ്രദേശത്തെ കൊണ്ടൽ വനമോ ഇല്ല. ഉള്ള വനം തന്നെ നശീകരണ ഭീഷണിയെ നേരിടുകയുമാണ്. വനസംരക്ഷണത്തേക്കാൾ വന നശീകരണത്തിനാണ് ഇവിടെ കൂടുതൽ താല്പര്യം.

## പ്രശ്നങ്ങൾ

1. വനം കയ്യേററം സ്ഥിരമായി നടക്കുന്നു.
2. കള്ളത്തടി വെട്ട് വ്യാപകമാണ്.
3. കുടിയേററക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നു.
4. നിബിഡവനം നശിക്കുന്നതു കൊണ്ട് നീരുറവകൾ നിന്നു പോകുന്നു.
5. നായാട്ടും കാട്ടുതീയും പതിവാണ്.
6. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നുണ്ട്.
7. വനസംരക്ഷണത്തിൽ ജനപങ്കാളിത്തമില്ല.
8. സാമൂഹ്യ വനവൽക്കരണം ഫലപ്രദമായി നടക്കുന്നില്ല.

## സാധ്യതകൾ

1. വനനശീകരണത്തിനെതിരായ ബോധവൽക്കരണം നടത്തുക.
2. കാട്ടുതീ തടയാൻ പ്രാദേശിക ജനവിഭാഗങ്ങൾക്ക് പരിശീലനം നടത്തുക.
3. കുടിയേററക്കാർക്ക് കൈവശഭൂമി പതിച്ചുനൽക്കുക.
4. കുടിയേററ പ്രദേശവും വനവും തമ്മിലുള്ള അതിരിൽ ജണ്ട ഇട്ട് തിരിക്കുക.
5. സാമൂഹ്യ വനവൽക്കരണത്തിൻെറ ഭാഗമായി പച്ചിലസമൃദ്ധ വൃക്ഷങ്ങൾ നടുക.
6. വനത്തിൽ കൂടിയുള്ള റോഡുനിർമ്മാണത്തിന് തടസ്സം നിൽക്കുന്ന ഡിപ്പാർട്ടുമെൻറു നയം തിരുത്തുക.

# വിദ്യാഭ്യാസം



കേരളത്തിൽ 57 ലക്ഷം വിദ്യാർത്ഥികൾ സ്കൂളുകളിലും 7 ലക്ഷം വിദ്യാർത്ഥികൾ സ്കൂൾ വിദ്യാഭ്യാസാനന്തരമുള്ള വിവിധ കോഴ്സുകൾക്കും പഠിക്കുന്നു. 12092 സ്കൂളുകളിലും സെൽഫ് ഫൈനാൻസ് കോളേജടക്കമുള്ള 300 കോളേജിലുമായി 2ലക്ഷം അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ട്. 94-95-ലെ ആളോഹരി വിദ്യാഭ്യാസ ചെലവ് 454 രൂപ 12 സ. യാണ്. പ്രൈമറി സ്ക്കൂളിൽ പോകുന്ന ഓരോ വിദ്യാർത്ഥിക്കും വേണ്ടി 1579 രൂപയും ഹൈസ്ക്കൂൾ വിദ്യാർത്ഥിക്കു വേണ്ടി 2633 രൂപയും സർവ്വകലാശാല വിദ്യാർത്ഥിക്കുവേണ്ടി 6312 രൂപയും പ്രതിവർഷം സർക്കാർ ഖജനാവിൽ നിന്നു ചെലവാക്കുന്നുണ്ട്. ഇത്രയും ഭീമമായതുക ചെലവഴിക്കുന്ന മേഖലയിൽ അതിനനുസരിച്ചുള്ള ഗുണപരമായ നേട്ടം ഉണ്ടോ എന്ന് ചിന്തിച്ചു നോക്കുക

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുന്നത് സമുചിതമായിരിക്കും

ഇന്നത്തെ രീതിയിലുള്ള സ്ക്കൂളുകൾ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് മുമ്പ് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചിരുന്നത് കുടിപ്പള്ളിക്കൂടം (കളരി) ആശാന്മാരായിരുന്നു. ഇവരിൽ ബ്ലായിൽ ശങ്കരൻ നായരുടെ പേര് പലരും ഓർമ്മിക്കുന്നുണ്ടാകും.

കടവൂർ സെൻറ് ജോർജ്ജസ് എൽ. പി. എസ്സ്. ആണ് ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാലയം. ഇന്ന് പഞ്ചായത്തിൽ താഴെ പറയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു

1) കടവൂർ ഗവ. ഹയർ സെക്കണ്ടറി സ്ക്കൂൾ
2) കടവൂർ ഗവ. എൽ പി. എസ്സ്.
3) സെൻറ്. ജറോം എൽ പി. എസ്സ്. ഞാറക്കാട്
4) സെൻറ് ജോർജ്ജസ് എൽ. പി. എസ്സ് കടവൂർ
5) കുളപ്പുറം സെൻറ് ജോർജ്ജസ് എൽ. പി. എസ്സ്
6) പൈങ്ങോട്ടൂർ സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ
7) പൈങ്ങോട്ടൂർ സെൻറ് ജോസഫ്സ് എൽ. പി. എസ്സ്
8) ചാത്തമററം ഗവ ഹൈസ്ക്കൂൾ

അടിസ്ഥാന സൗകര്യങ്ങൾ സാമാന്യമായെങ്കിലുമുള്ളത് പൈങ്ങോട്ടൂർ ഗേൾസ് ഹൈസ്ക്കൂളിൽ മാത്രമാണ്. മറെറല്ലായിടത്തും സൗകര്യങ്ങൾ വളരെ കുറവാണ്. ചാത്തമററം H. S ൽ വർഷം തോറും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഈ വർഷം നാമമാത്രമായ വിദ്യാർത്ഥികളെ S S L C ക്ക് പഠിക്കുന്നുള്ളൂ. ഈ നില തുടർന്നാൽ അധികം താമസിയാതെ പ്രവർത്തനം നിലച്ചു പോകാൻ സാധ്യതയുണ്ട്. ധാരാളം കെട്ടിട സൗകര്യങ്ങളുള്ള നിലയ്ക്ക് അവിടെ ഒരു പ്ലസ് ടൂ ആരംഭിക്കാൻ ശ്രമിക്കാവുന്നതാണ്. അല്ലെങ്കിൽ സാങ്കേതിക മേഖലയിലെ ഏതെങ്കിലുമൊരു വിദ്യാഭ്യാസ സ്ഥാപനം അവിടെ അനുവദിക്കുന്നത് നന്നായിരിക്കും.

അതുപോലെ അൺ എക്കണോമിക്കായി പ്രവർത്തിക്കുന്ന ഒരു സ്ക്കൂളാണ് കുളപ്പുറം എൽ. പി. എസ്സ്. അതിൻെറ നിലവാരം ഉയർത്തുന്നതിന് പഞ്ചായത്ത് ജനകീയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കണം.

കടവൂർ H. S. S. നു വേണ്ടി 10 മുറികൾ മുകളിലും താഴെയുമായി ഒരു ഇരുനില കെട്ടിടം പണിയേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങളുടെ അററകുററപ്പണി നിർവ്വഹിക്കുക.

സ്ക്കൂൾ അങ്കണത്തിന് ചുററുമതിൽ കെട്ടുക

എറണാകുളം ജില്ലയിലെ വിദ്യാലയങ്ങളിൽ വച്ച് ഏററവും നല്ല ലബോറട്ടറി ഉള്ള ഈ വിദ്യാലയത്തിന് അതു പ്രവർത്തിപ്പിക്കാൻ വേണ്ടത്ര സ്ഥലസൗകര്യമില്ല കൂടാതെ V. H. S. വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ നടത്തുന്നതിന് ഫിസിക്സ്, കെമിസ്ട്രി ബയോളജി ലാബുകൾ ഒരേ മുറിയിൽ തന്നെ പ്രവർത്തിക്കുന്നു. ഇത് വളരെയേറെ ബുദ്ധിമുട്ടും അസൗകര്യവുമുണ്ടാക്കുന്നുണ്ട്. അതിനും പുറമേ കൂടുതൽ കോഴ്സുകൾ ഇവിടെ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഞാറക്കാട് എൽ. പി. എസ്സിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

ഇതിനെല്ലാം പുറമേ പൊതു ഉടമയിൽ പഞ്ചായത്തിൽ എവിടെയെങ്കിലും ഒരു പോളിടെക്നിക്കോ ഐ. ററി. ഐ. യോ തുടങ്ങണം.

## പ്രശ്നങ്ങൾ

1) സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
2) രക്ഷകർത്താക്കൾ വിദ്യാർത്ഥികളുടെ പഠിത്തത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.
3) വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമല്ല.
4) വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിദ്യാർത്ഥിയും അദ്ധ്യാപകനും രക്ഷകർത്താവും ഒരളവു വരെ സർക്കാരും തൃപ്തരല്ല.
5) സ്ക്കൂളുകളിൽ മോണററിംഗ് അദ്ധ്യാപക പുന പരിശീലനവും നടക്കുന്നില്ല.

നമ്മുടെ നാട്ടിലെ മൊത്തം തൊഴിലുകളിൽ 75 ശതമാനവും കൃഷി, കാലി വളർത്തൽ, കെട്ടിട നിർമ്മാണം, വാഹന റിപ്പയറിംഗ്, ഇഷ്ടിക നിർമ്മാണം, പെയിൻറിംഗ് തുടങ്ങിയവയിലാണുള്ളത്. വിദ്യാസമ്പന്നർ ഈ തൊഴിലാളികളെ ഒരുതരം അവജ്ഞയോടെയാണ് കാണുന്നത്. അത്തരത്തിലുള്ള സാമൂഹ്യ സംസ്ക്കാരമാണ് നിലനില്ക്കുന്നത്.

## പരിഹാര മാർഗങ്ങൾ

1) പ്രൈമറി മുതൽ തൊഴിലിനോടാഭിമുഖ്യം പുലർത്തുന്ന രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം പുനസംഘടിപ്പിക്കുക.
2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക വിദ്യാഭ്യാസ യോഗ്യത, പ്രായഭേദം എന്നിവ കണക്കിലെടുക്കാതെ അദ്ധ്വാനിക്കാൻ കഴിവും സേവന സന്നദ്ധതയുമുള്ളവർക്ക് പരിശീലനം നൽകുക.
3) പഞ്ചായത്തു തല സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുക.
4) S. S. L. C. വിജയശതമാനം കുറയുന്നതിനുള്ള കാരണം ആരംഭിക്കുന്നത് ഒന്നാം ക്ലാസുമുതലാണെന്നറിയുകയും അവിടെ തുടങ്ങി പരിഹാരം കാണുകയും ചെയ്യുക.

5) ഇന്നത്തെ രീതിയിലുള്ള പഠിത്തവും പഠിപ്പിക്കലും വിരസമാണ്. ഇവ പരിഷ്കരിക്കുന്നതിന് അദ്ധ്യാപകർക്ക് വിശദമായ പരിശീലനം നൽകേണ്ടതാണ്. സർക്കാർ തലത്തിൽ നടത്താൻ തുനിഞ്ഞാൽ ഇത് വർഷങ്ങളോളം എടുക്കും. അതുകൊണ്ട് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് വിദഗ്ദ്ധരെക്കൊണ്ട് മാർഗരേഖകളും പുസ്തകങ്ങളും തയ്യാറാക്കി പരിശീലനം നടത്താനുള്ള ചുമതല ഗ്രാമപഞ്ചായത്തിനേയോ, ബ്ലോക്കു പഞ്ചായത്തിനേയോ ഏല്പിക്കുക.

6) കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനുള്ള ചുമതല രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയുമാണെന്ന ബോധം വളർത്തിയാൽ ഒട്ടുമിക്ക പ്രശ്നങ്ങളും താനെ പരിഹരിച്ചുകൊള്ളും.

7) നിയന്ത്രിത രാഷ്ട്രീയം അനുവദിക്കുക, ഇതില്ലാതെ വന്നാൽ കുട്ടികൾ വർഗ്ഗീയമായി സംഘടിക്കാനും അതുമൂലം രാഷ്ട്രീയത്തേക്കാൾ സ്ഫോടനാത്മകമായ അന്തരീക്ഷം ഉണ്ടാകാനും ഇടവരുമെന്നതുകൊണ്ട് രാഷ്ട്രീയം പാടെ നിരോധിക്കാതിരിക്കുക.

8) വായനാശീലം വളർത്തിയെടുക്കുക,

9) ഗവർമെൻറു സ്ക്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരെ യഥാസമയം നിയമിക്കുക.

10) സാക്ഷരത പ്രവർത്തനം പുനസ്സംഘടിപ്പിക്കുന്നതിന് പരിപാടി തയ്യാറാക്കുക.

# വ്യവസായം

വ്യാവസായികമായി വളരെയേറെ പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് ഇത്. പരമ്പരാഗത വ്യവസായമെന്നുപറയാൻ ഇവിടെ ഒന്നും തന്നെയില്ല. ആയങ്കരയിൽ നാമമാത്രമായ കുട്ടകെട്ടു ജോലിയും പായ്നെയ്ത്തും ഉണ്ടെന്നതൊഴിച്ചാൽ മററാരിടത്തും പരമ്പരാഗത വ്യവസായം നിലവിലില്ല. ആധുനിക വ്യവസായമെന്നനിലയിൽ താഴെപറയുന്ന ചെറുകിട വ്യവസായങ്ങളാണുള്ളത്.

| വ്യവസായത്തിൻെറ തരം | എണ്ണം | തൊഴിലാളികൾ |
|---|---|---|
| 1) ക്രീപ്പു ഫാക്ടറി | 1 | 25 |
| 2) ഹോളോബ്ളോക്സ് | 2 | 10 |
| 3) മെററൽക്രഷർ | 2 | 35 |
| 4) വുഡ്ക്രാഫ്ററ് | 1 | 3 |
| 5) സോമില്ല് | 1 | 6 |
| 6) പ്രസ്സ് | 1 | 2 |
| 7) ആലകൻ (കൊല്ലൻെറ) | 12 | 24 |
| 8) ഓയിൽമില്ല് | 3 | 9 |
| 9) ബേക്കറി | 2 | 4 |
| 10) റൈസ്മില്ല് | 11 | 15 |
| 11) ഫർണിച്ചർ | 4 | 12 |
| 12) കൊപ്രാവെട്ട് | 8 | 13 |
| 13) തീയേററർ | 1 | 9 |

സഹകരണ മേഖലയിലോ പൊതുമേഖലയിലോ വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല.

### പ്രശ്നങ്ങൾ

1) ലൈസൻസ് ലഭിക്കാനുള്ള ബുദ്ധിമുട്ട്, കാലതാമസം
2) ബാങ്കിംഗ് സൗകര്യം ലഭിക്കാനുള്ള വിഷമതകൾ.
3) സാങ്കേതിക പരിശീലനത്തിനുള്ള സൗകര്യക്കുറവ്.
4) കൃഷിയിൽനിന്നും വ്യവസായ രംഗത്തേക്കുമാറാനുള്ള ജനതയുടെ വിമുഖത.
5) തൊഴിൽ സമരങ്ങളെക്കുറിച്ചുള്ള ആശങ്ക
6) വിപണന സൗകര്യക്കുറവ്
7) വൈദ്യുതി ക്ഷാമം
8) വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
9) ഉയർന്ന വേതന നിരക്ക്
10) സുലഭമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങളായ റബർ, തെങ്ങ് ഇവ കേന്ദ്രീകരിച്ചുള്ള വ്യവസായത്തെപററിയുള്ള അജ്ഞത.

### നിർദ്ദേശങ്ങൾ / സാധ്യതകൾ

1) റബർതടി പ്രോസ്സസ് ചെയ്യുന്ന വ്യവസായം
2) പാക്കിംഗ് കേഡ് നിർമ്മാണം
3) റബർപാലിൽ നിന്നും എലാസ്ററിക്ക് നിർമ്മാണം
4) കെട്ടിടനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുക

5) റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുക
6) വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായം, തീപ്പെട്ടി, മെഴുകുതിരി എന്നിവകളുടെ നിർമ്മാണം.
7) കൊപ്രാ സംസ്കരണയൂണിററ് ആരംഭിക്കുക
8) ബലൂൺ നിർമ്മാണ യൂണിററ് തുടങ്ങുക
9) ജൈവവള നിർമ്മാണം
10) തേനീച്ച വളർത്തൽ

വനിതാ സഹകരണ സംഘം രൂപീകരിച്ച് റെഡിമെയ്ഡു നിർമ്മാണം പല യൂണിററുകളായി നടത്താവുന്നതാണ്. അതിനുള്ള അസംസ്കൃത വിഭവങ്ങൾ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു **'മാതൃ അനുബന്ധ'** യൂണിററു കൂടി ഉണ്ടെങ്കിൽ അസംസ്കൃത വിഭവത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും കുറഞ്ഞ വിലക്ക് ലഭ്യമാക്കാനും കഴിയും.

24

# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ് സ്വകാര്യ കിണറുകളും പൊതു കിണറുകളും ജല അതോറിററിയുടെ പൈപ്പ് സിസ്ററവുമാണ്. സ്വകാര്യ കിണറുകൾ 1820 എണ്ണവും പൊതുകിണറുകൾ 25 എണ്ണവുമാണ്. ഇതിൽ 25% കിണറുകളിൽ മാത്രമേ വേനൽക്കാലത്ത് വെള്ളമുള്ളു. രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ, ഞാറക്കാട്, പനങ്കര, കടവൂർ, വടക്കേ പുന്നമററം വാർഡുകളും ചാത്തമററത്തെ മെത്രാൻ കൂപ്പ് പ്രദേശവും മററു വാർഡുകളിലെ പാറയുള്ള പ്രദേശങ്ങളുമാണ്. പഞ്ചായത്തിൽ 2 ശുദ്ധജല പദ്ധതികളുണ്ട്. ചാത്തമററം പദ്ധതിയിൽ 68-ഉം പൈങ്ങോട്ടൂർ പദ്ധതിയിൽ 120-ഉം ടാപ്പുകൾ ഉണ്ട്. ഈ രണ്ടു പദ്ധതികളും ഓവർ ലോഡ് ആണ്. ടാപ്പുകളിൽ വെള്ളം കിട്ടുന്നില്ല. ആവശ്യത്തിന് ജീവനക്കാരും ഇല്ല. ലൈൻമാൻ, പമ്പ് ഓപ്പറേറർ തസ്തികകൾ ഒഴിവായികിടക്കുന്നു. പഞ്ചായത്ത് തലത്തിൽ വാൽവ് ഓപ്പറേററെ വച്ച് കൂടുതൽ സമയം പമ്പ് (ഏരിയതിരിച്ച്) ചെയ്യുകയാണ് ഏകപോംവഴി. അടിയന്തിര പ്രാധാന്യമർഹിക്കുന്ന പദ്ധതി കടവൂർ-കല്ലൂർക്കാട് പദ്ധതിയാണ്. സമീപ പ്രദേശങ്ങളായ രണ്ടു പഞ്ചായത്തുകൾക്കും കൂടി മുഴുവൻപ്രദേശത്തും ജലം കൊടുക്കുവാൻ കഴിയുന്ന പദ്ധതിയുടെ ടാങ്ക് നമ്മുടെ പഞ്ചായത്തിലാണ്. മെത്രാൻ കൂപ്പിലുള്ള ടാങ്ക് നിർമ്മാണം ടെണ്ടർ സ്റേറജുവരെയായിട്ടുണ്ട്. അനന്തരനടപടികൾ വേഗത്തിലാക്കി പദ്ധതി കമ്മീഷൻ നടത്താൻ പെരുമ്പാവൂർ ഡിവിഷൻ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. മലയോര മേഖലയിലെ ഉനമ്പുകൾ സംരക്ഷിക്കണം. കടവൂർ മേഖലയിലെ വെട്ടിക്കൽ ഓലിയും മററു രണ്ടു ഓലികളും ബണ്ടുകെട്ടി സംരക്ഷിച്ചാൽ ആ പ്രദേശത്തുള്ള 200 ഓളം വീടുകൾക്ക് പ്രയോജനം ലഭിക്കും.

### പ്രശ്നങ്ങൾ

1) എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമമുണ്ട്.
2) മണ്ണിനടിയിൽ പലസ്ഥലത്തും കരിങ്കൽ പാറത്തട്ടുകളുള്ളതിനാൽ കിണറുകൾ കുഴിക്കാൻ ബുദ്ധിമുട്ടുന്നു.
3) കുഴൽ കിണറുകൾ ഫലപ്രദമല്ലാതെ വന്നു.
4) പൈപ്പുവെള്ളം വല്ലപ്പോഴുമേ കിട്ടുന്നുള്ളു. പുതിയ ടാപ്പുകൾ അനുവദിക്കുന്നില്ല.
5) ഓരോ വർഷവും ജല വിതാനം കുറഞ്ഞു വരുന്നു.
6) തോടുകളിലും പുഴയിലും ചെക്കുഡാമുകൾ പണിതിട്ടില്ല.

### പരിഹാരങ്ങൾ

1) നിലവിലുള്ള കിണറുകൾ നന്നാക്കുക. പുതിയവ അത്യാവശ്യ സ്ഥലങ്ങളിൽ കുഴിക്കുക.
2) പൊതു ടാപ്പുകളുടെ അററകുററപ്പണികൾ നടത്തുക.
3) പൊതു വിതരണത്തിനുള്ള വെള്ളം അണു വിമുക്തമാണെന്ന് ഉറപ്പുവരുത്തുക. പൊതുകിണറുകളും ടാങ്കുകളും വലയിട്ടുമൂടുക.
4) എത്രയും പെട്ടെന്ന് കടവൂർ-കല്ലൂർക്കാട് പദ്ധതി കമ്മീഷൻ ചെയ്യാൻ ഉദ്യോഗസ്ഥ ഭരണതലത്തിൽ സമ്മർദ്ദം ചെലുത്തുക.
5) വാട്ടർ അതോറിററി പഞ്ചായത്ത് ഭരണത്തിൻ കീഴിലാക്കാൻ സംസ്ഥാന തലത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുക.

# പൊതുജനാരോഗ്യം

പഞ്ചായത്തിലെ 50% വീടുകൾക്കും കക്കൂസ് ഉണ്ട്. ലക്ഷം വീട്, 4 സെൻറ്, പുറംപോക്കും ഭൂമികളിൽ താമസിക്കുന്ന ഏററവും ദുർബലരായ ജനവിഭാഗങ്ങൾക്ക് ആണ് കക്കൂസ് ഇല്ലാത്തത്. കടവൂരുള്ള മിനി P. H. C. യും മാതൃശിശു സംരക്ഷണ കേന്ദ്രവും പൈങ്ങോട്ടൂരുള്ള ഗവ: ആയുർവേദ ഡിസ്പൻസറിയുമാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം.

1983 മുതൽ പ്രവർത്തിച്ചു വരുന്ന കടവൂരിലെ ആലോപ്പതി ആശുപത്രിക്ക് ഈയിടെ മാത്രമാണ് കെട്ടിടമുണ്ടായത്. അതിനു വേണ്ട പ്രാഥമിക സൗകര്യങ്ങളൊന്നും ഇനിയുമുണ്ടായിട്ടില്ല. ഔട്ട്പേഷ്യൻറ് വാർഡിൻെറ പണി സ്തംഭനത്തിലാണ്. പുതിയ കെട്ടിടത്തിലേക്ക് മാററുന്നതിന് വേണ്ട സൗകര്യങ്ങൾ ആകാത്തതുകൊണ്ട് രോഗികൾ നന്നേ ബുദ്ധിമുട്ടുന്നുണ്ട്.

ദീർഘകാലമായി പൈങ്ങോട്ടൂര് പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. എന്നാൽ ഇതിൻെറ പ്രവർത്തനം അങ്ങേയററം മോശമാണ്. ആവശ്യത്തിന് മരുന്നില്ല, വാട്ടർ സപ്ലൈ ഇല്ല. ഔഷധ കൃഷിത്തോട്ടം നിർമ്മിക്കണം. ഡിസ്പൻസറി ആശുപത്രിയായി ഉയർത്തണം.

മാതൃശിശു സംരക്ഷണകേന്ദ്രം സ്ഥിതിചെയ്യുന്നതുതന്നെ തീരെ സൗകര്യമില്ലാത്ത ഒരിടത്താണ്. ചുമതലപ്പെട്ടയാൾ വല്ലപ്പോഴും സന്ദർശിക്കുന്ന ഈ സ്ഥാപനത്തിൽ ഗർഭിണികൾക്കും, കുട്ടികൾക്കും, അമ്മമാർക്കും ഉദ്ദേശിച്ച ഫലം ഇനിയും ലഭിച്ചു തുടങ്ങിയിട്ടില്ല. അത്യാവശ്യത്തിന് മരുന്നുമില്ല. ആരോഗ്യ രംഗത്ത് സ്വകാര്യ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. പനങ്കര, ചാത്തമററം പൈങ്ങോട്ടൂർ എന്നിവിടങ്ങളിൽ ഹോമിയോ ക്ലിനിക്കുകളും പൈങ്ങോട്ടൂരിൽ തന്നെ ഒരു അലോപ്പതി നേഴ്സിംങ്ഹോമും ഉണ്ട്.

കുടുംബക്ഷേമ പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമല്ല. എന്നാൽ സന്താന നിയന്ത്രണ ഉപാധികൾ ഭൂരിപക്ഷവും സ്വീകരിക്കുന്നുണ്ട്. കുട്ടികൾ ആവറേജ് 2 to 3 ആണ്. പഞ്ചായത്തിലെ മരണനിരക്ക് 3 എന്നത് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. (5–9) ചെങ്കണ്ണ് പഞ്ചായത്തിൽ വ്യാപകമായുണ്ട്.

**പ്രശ്നങ്ങൾ**

1. ആശുപത്രികളിൽ ആവശ്യത്തിനു സ്ററാഫോ മരുന്നു സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളോ ഇല്ല
2. പൊതുജനാരോഗ്യ ശൃംഖല ഉണ്ടെങ്കിലും ഗുണനിലവാരം കുറഞ്ഞുവരുന്നു.
3. മഞ്ഞപിത്തം, ചെങ്കണ്ണ്, വയറിളക്കം, എലിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങൾ വർദ്ധിച്ചു വരുന്നു.
4. കുടിവെള്ളത്തിൻെറ ശുദ്ധത കുറവ്, പച്ചക്കറി തുടങ്ങിയവയിലെ കീടനാശിനി പ്രയോഗം കൊണ്ടുണ്ടായിട്ടുള്ള വിഷാംശം മാർക്കററിൽ നിന്നു വാങ്ങുന്ന സാധനങ്ങളിലുള്ള മായം
5. കുറഞ്ഞുവരുന്ന ശുചിത്വ ബോധം

6. ചാരായ നിരോധനമുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന മദ്യാസക്തിയും കൃത്രിമ മദ്യ ഉപയോഗവും.
7. കഞ്ചാവ് തുടങ്ങിയ മയക്കുമരുന്നുകളുടെ കരിഞ്ചന്ത വ്യാപാരം പൈങ്ങോട്ടൂരും, കടവൂരും ചാത്തമററത്തും ഇത് നാംക്കുനാം വർദ്ധിച്ചുവരുന്നു.
8. സ്വകാര്യാശുപത്രികളുടെ വളർച്ചാസൗകര്യങ്ങളുള്ള ഇവിടെ പണക്കാർക്കുവേണ്ടി മാത്രമേ നല്ല ചികിത്സ ലഭിക്കുന്നുള്ളു. ചെലവേറിവരുന്ന ചികിത്സ ജനങ്ങളിൽ 60%ത്തിനും അപ്രാപ്യമാണ്. തകർന്ന സംവിധാനമുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ അഭയം തേടുന്ന സാധാരണക്കാർക്ക് ഫലത്തിൽ നല്ല ചികിത്സ ലഭിക്കുന്നില്ല.

## പരിഹാരങ്ങൾ

1. കടവൂർ P.H.C. യുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഔട്ട്പേഷ്യൻറ് വാർഡുപണിയുന്നതിനും സത്വര നടപടികൾ സ്വീകരിക്കുക.
2. പൈങ്ങോട്ടൂരിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിച്ചു കിട്ടാൻ നടപടി എടുക്കുക.
3 ശുചിത്വബോധം വളർത്താൻ ബോധവൽക്കരണം നടത്തുക.
4. കശാപ്പുശാലക്ക് സ്ലോട്ടർഹൗസ് പണിയുകയും ഇറച്ചി വില്പന പരിശോധനാ വിധേയമാക്കുകയും ചെയ്യുക.
5. മയക്കുമരുന്ന് ഉപയോഗവും മദ്യപാനാസക്തിയും വെടിയുന്നതിന് ബോധവൽക്കരണം നടത്തുക.
6. കൊതുക് നിർമ്മാർജനത്തിന് വ്യാപകമായി മരുന്നുതളി ഏർപ്പെടുത്തുക.
7. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേററു ചെയ്യാൻ P. H. C. യുമായി ബന്ധപ്പെടുക.
8. ജനസംഖ്യാനുപാതികമായി അർഹമായ അത്രയും എണ്ണം സബ്സെൻററുകൾ സ്ഥാപിക്കുക.
9. സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കുക

# 6. ഗതാഗതം (റോഡുകൾ)

കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഗ്രാമവികസന രംഗത്ത് ഏററവും പ്രാധാന്യം ലഭിച്ച മേഖല റോഡ് നിർമ്മാണമാണ്. കേരളത്തിലെ ശരാശരി റോഡു ലഭ്യത ഒരു ചതുരശ്രകിലോമീററിന് 3.2 കിലോമീററാണ്. ഈ അടിസ്ഥാനത്തിൽ പൈങ്ങോട്ടൂർ പഞ്ചായത്തിലെ റോഡുകളുടെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തുറോഡുകൾ ആകെ നീളം | — | 111.43 കി. മീ. |
| ഇതിൽ പക്കാറോഡ് | — | 15.56 ,, |
| കച്ചാറോഡ് | — | 95.87 ,, |
| P W D റോഡ് | — | 40 ,, |
| മൊത്തം റോഡ് | — | 151.43 ,, |

ഈ കണക്കിൻെറ അടിസ്ഥാനത്തിൽ നോക്കിയാൽ 23.5 ചതുരശ്രകിലോമീററർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 1 ചതുരശ്ര കിലോമീററിന് 6.6 കി. മീ. ഉണ്ട്. ഇത് സംസ്ഥാന ശരാശരിയുടെ ഇരട്ടിയിൽ കൂടുതൽ വരുന്നു. റോഡുകളുടെ വികസനത്തിനനുസരിച്ച് മററൊരു മേഖലയും വളർന്നിട്ടില്ല. ജലസേചനം, കുടിവെള്ളം, പാർപ്പിടം, കൃഷി, വ്യവസായം തുടങ്ങിയവയുടെ വിഹിതത്തിൽ ഗണ്യമായ ഭാഗം റോഡുനിർമ്മാണത്തിലേക്ക് തിരിച്ചുവിടുകയായിരുന്നു. ഇത് ഗൗരവമായ ചിന്തക്ക് വിധേയമാക്കേണ്ടതാണ്. പഞ്ചായത്തിനുലഭിക്കുന്ന ഫണ്ട് ഇങ്ങനെ പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിലേക്ക് തിരിച്ചു വിടുന്നത് ഗ്രാമത്തിൻെറ സമ്പത്ഘടനക്ക് ആഘാതമേൽപ്പിച്ചിരിക്കയാണ്. അതുകൊണ്ട് തുടർന്നുള്ള റോഡു നിർമ്മാണവും സംരക്ഷണവും മുഖ്യമായും തദ്ദേശവാസികളെ ഏൽപ്പിക്കുന്നകാര്യം ആലോചിക്കേണ്ടതാണ്. അതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1) പുതിയ റോഡ് ഉണ്ടാക്കുന്നതിന് തീരുമാനിക്കും മുമ്പ് പഞ്ചായത്തു ഭരണസമിതിയും ഗ്രാമ സഭയും നിഷ്കർഷയോടുകൂടിയ പരിശോധന നടത്തിയിരിക്കണം.

2) പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിൻെറ പണി ഗ്രാമസഭയുടെ നേതൃത്വത്തിൽ നടത്തണം. ഓടകളില്ലാത്ത ഒരു റോഡും ഇനി ഉണ്ടാവരുത്.

3) നിലവിലുള്ള എല്ലാ റോഡുകൾക്കും ഓടകൾ ഉണ്ടാക്കുന്നതിനും ഉള്ള ഓടകൾ വൃത്തിയാക്കുന്നതിനും വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടിയ ഒരു പദ്ധതി പഞ്ചായത്തു തയ്യാറാക്കണം. അടുത്ത ഗ്രാമസഭയുടെ തീരുമാനങ്ങളിൽ ഒന്നാകണം ഇത്.

4) റോഡുകളുടെ നിശ്ചിതദൂരം നന്നാക്കുന്നതിന് സന്നദ്ധ സംഘടനകളെക്കൊണ്ട് സ്പോൺസർ ചെയ്യിക്കുക. റോഡിൻെറ ഇരുവശത്തുമുള്ളവരുടെ കുടുംബയോഗങ്ങൾ വിളിച്ചുകൂട്ടി റോഡുനന്നാക്കുന്നതിന് അവരെ സജീവപങ്കാളികളാക്കുക.

റോഡുകൾ പഞ്ചായത്തിൽ കുറെയേറെ ഉണ്ടെങ്കിലും അതിൽ മിക്കതും സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണ്. പൊതുമരാമത്തുവകുപ്പിൻെറ കീഴിലുള്ള റോഡുകളുടേയും സ്ഥിതി മറിച്ചല്ല. വാഹനഗതാഗത തിരക്കുള്ള കക്കടാശേരി–കാളിയാർ റോഡ്, കലൂർ–ഊന്നുകൽ റോഡ് എന്നിവയുടെ നിർദിഷ്ടവീതി പലയിടത്തും കയ്യേറിയിട്ടുണ്ട് ഒററപ്പെട്ട ഭാഗങ്ങളിൽ വീതി വളരെ കുറവാണ്. ആയങ്കര മുതൽ ഞാറക്കാട് വരെയുള്ള സ്ഥലങ്ങളിൽ ഇത് പ്രകടമായി കാണാം.

കക്കടാശേരി–കാളിയാർ റോഡ് സ്റേററ്ഹൈവേ ആക്കേണ്ടസമയം അതിക്രമിച്ചിരിക്കയാണ്. നിർദ്ദിഷ്ട ആലപ്പുഴ–മധുര റെയിൽവെ കലൂർ ഊന്നുകൽ കൂടി മൂന്നാറിലെത്താനാണ് ആദ്യം പ്ലാനിട്ടിരുന്നത് എന്നാലിപ്പോൾ അത് റൂട്ടുമാററിവിടാൻ ശ്രമിക്കുന്നതായറിയുന്നു. ഇതിനെതിരായ ബഹുജനസമ്മർദ്ദം ഉണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഏററവും അവികസിത മേഖലയാണ് നാലാം ബ്ലോക്ക് മണിപ്പാറ ഭാഗം തെക്കെ പുന്നമറ്റവും അതുപോലെ ചിലസ്ഥലമുണ്ട്. റോഡിൻെറ കാര്യത്തിൽ ഈ പ്രദേശങ്ങാം മുൻഗണന അർഹിക്കുന്നു. പോത്താനിക്കാട്–കുളപ്പുറം റോഡ്, കടവൂർ–ഇല്ലിച്ചോട് റോഡ് എന്നിവയും പരിഗണനാർഹമാണ്. പടിപടിയായി എല്ലാ പഞ്ചായത്തു റോഡുകളും പക്കാറോഡുകളാക്കുക എന്നതാണ് പ്രധാന ആവശ്യം. പുതിയ ഒരു റോഡിൻെറ കാര്യത്തിൽ ആലോചിക്കുമ്പോാം മെത്രാൻകൂപ്പ് കുടിലിൽകോളനി–പൊത്തൻചീനി–നാലാം ബ്ലോക്ക്–ഒടിയപാറ റോഡിന് പരിഗണന നൽകേണ്ടതാണ്.

## പ്രശ്നങ്ങൾ

1) റോഡുകാം പരമാവധി കേടായശേഷം നന്നാക്കാൻ തുടങ്ങുന്നതുകൊണ്ട് ചെലവ് വർദ്ധിക്കുന്നു.

2) സന്നദ്ധസേവനത്തിനുള്ള സംവിധാനമില്ല.

3. വാഹന ഗതാഗതതിരക്ക് ഇല്ലാത്ത തികച്ചും ഗ്രാമീണ ഇടത്തരം റോഡുകളുടെ നിർമ്മാണത്തിന് ഇത്രയടി വീതി വേണമെന്ന കർശന നിയന്ത്രണം എടുത്തുകളയുക.

## നിർദ്ദേശങ്ങൾ

1. വാർഡുകമ്മററിയുടെ നേതൃത്വത്തിൽ മോശമായിവരുന്ന റോഡുകാം അപ്പപ്പോാം നന്നാക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുക. പരമാവധി ശ്രമദാനത്തിലൂടെ അതുചെയ്യുക.

2. സന്നദ്ധ സേവനത്തിലൂടെ റോഡുകളുടെ മൺവേല തീർക്കൽ റോഡ് നിർമ്മാണത്തിന് മുന്നെയ്ക്കുള്ള ഘടകങ്ങളിൽ ഒന്നായിരിക്കേണ്ടതാണ്.

4. ഒരു ലേബർ കോൺട്രാക്ട് സൊസൈററി രജിസ്ററർ ചെയ്ത് മരാമത്ത് പണികാം അവരെ ഏല്പിക്കുക.

5. പൈങ്ങോട്ടൂർ ടൗണിലെ റോഡ് പുറമ്പോക്കുകാം വീണ്ടെടുക്കാൻ നടപടി സ്വീകരിക്കുക.

6. പൈങ്ങോട്ടൂരിൽ ബസ്സ്ററാൻറ്, ടാക്സിസ്ററാൻറ്, ഒരു മാർക്കററ് എന്നിവ ആരംഭിക്കുക.

7. കാളിയാർ നദിക്ക് കുറുകെ പുതിയതായി ഒരു പാലം കോടിക്കുളം പഞ്ചായത്തിനും പൈങ്ങോട്ടൂർ പഞ്ചായത്തിനും ഏററവും സൗകര്യപ്രദമായ സ്ഥലത്ത് പണികഴിപ്പിക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുക.

## പൈങ്ങോട്ടൂർ ഒരു ആസൂത്രിത നഗരം



1. ടൗണിന് ആദ്യമായി ഒരു ലിമിററ് നിശ്ചയിക്കുക. ലിമിററിനുള്ളിൽ പൊതു സ്ഥാപനങ്ങൾ മാർക്കററ്, ബസ്സ്ററാൻറ്, ടാക്സിസ്ററാൻറ്, കംഫർട്ടു സ്റേറഷൻ, ബിൽഡിംഗ് കോംപ്ലക്സ് തുടങ്ങിയവ ഏതേതു സ്ഥാനങ്ങളിൽ വേണമെന്ന് ഒരു ആസൂത്രണ വിദഗ്ധൻെറ സഹായത്തോടെ നിശ്ചയിക്കുക.

2. പുതുതായി പണിയുന്ന കെട്ടിടങ്ങളുടെ പ്ലാൻ പഞ്ചായത്ത് അംഗങ്ങളുടെ അനുമതിക്കു വിധേയമായിരിക്കണം.

3. ടൗൺലിമിററിലെ എല്ലാ വീടുകൾക്കും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുക.

4. ഇട റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

5. ടൗൺ ശുചീകരണത്തിന് പ്രാധാന്യം നൽകുക.

6. ഹോട്ടൽ, ചായക്കട എന്നിവയുടെ പിൻഭാഗത്ത് അഴുക്ക് കെട്ടിക്കിടക്കാതിരിക്കാൻ ഏർപ്പാടുണ്ടാക്കുക.

7. പഞ്ചായത്തു കവലകളിൽ സോഡിയം പേപ്പർ ലാംബുകൾ സ്ഥാപിക്കുക. ട്രാഫിക്ക് ഐലൻറ് പണിയുക.

# ഊർജ്ജം

ഊർജ്ജം പ്രധാനമായും രണ്ടു വിധത്തിലാണുള്ളത്. വിറക് തെങ്ങുൽപന്നങ്ങൾ മുതലായവ കത്തുമ്പോഴുള്ള ഊർജ്ജം ഒന്ന്. മറേറത് പെട്രോളിയം ഉൽപ്പന്നങ്ങളും വൈദ്യുതിയും മററും ഉൾപെടുന്ന ഊർജ്ജം. ഈ രണ്ടും ഇവിടെ പരാമർശന വിഷയങ്ങളാണ്.

കഴിഞ്ഞ ഒരു ദശകത്തോളമായി കേരളം അതിരൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്നു. ശരാശരി മഴ ലഭിച്ചാലും പവർകട്ടും ലോഡുഷെഡ്ഡിഗും എല്ലാ വർഷവുമുണ്ടാകുന്നു. താഴെ കാണുന്ന പട്ടിക പരിശോധിച്ചാൽ ഇതു ബോദ്ധ്യമാകും ഡിമാൻറ് പതിപ്പ് 14–ാം സർവെ പ്രകാരമുള്ള പട്ടിക.

### ഊർജ്ജ ഡിമാൻറും ലഭ്യതയും
(കോടി യൂണിററിൽ)

| വർഷം | ഡിമാൻറ് | ലഭ്യത | കമ്മി |
|---|---|---|---|
| 1989–90 | 670.1 | 623.5 | 46.6 |
| 1990–91 | 732.6 | 679.5 | 53.1 |
| 1991–92 | 800.8 | 718.2 | 82.5 |
| 1992–93 | 868.6 | 743.7 | 124.9 |
| 1993–94 | 911.0 | 785.8 | 155.2 |
| 1994–95 | 1017.0 | 881.9 | 135.1 |
| 1995–96 | 1099.8 | 909.1 | 190.7 |

പവർകട്ട്, ലോഡ്ഷെഡ്ഡിംഗ്, ഫ്രീക്വൻസി വ്യതിയാനം എന്നിവയിലൂടെയാണ് കേരളം ഈ കമ്മി നികത്തിപ്പോരുന്നത്. ഈ പ്രതിഭാസം നമ്മുടെ പഞ്ചായത്തിനെയും ബാധിക്കുന്നു. വൈദ്യുതിക്ഷാമം തീർക്കാൻ പഞ്ചായത്തിനു കഴിയില്ലെങ്കിലും പരോക്ഷമായി വൈദ്യുതി കമ്മി കുറയ്ക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് കോതമംഗലം സബ്സ്റേറഷനിൽ നിന്നുള്ള ഫീഡർ വഴിയാണ്. മൊത്തം 16 ട്രാൻസ്ഫോർമറുകളാണ് ഈ പഞ്ചായത്തിലുള്ളത്. പൈങ്ങോട്ടൂർ ടൗണിലെ ട്രാൻസ്ഫോർമറിൻെറ കപ്പാസിററിയേക്കാൾ വളരെയധികം ലോഡു അവിടെ കൂടുന്നതുകൊണ്ട് ഏതു നിമിഷവും അതിൻെറ പ്രവർത്തനം നിലച്ചുപോകാം. പുതിയൊരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന കാര്യത്തിലുള്ള അനിശ്ചിതത്വം പ്രശ്നങ്ങൾ ഗുരുതരമാക്കുന്നു.

ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. മൊത്തം വൈദ്യുതി ഉപയോഗത്തിൻെറ 70% ഗാർഹിക ഉപയോഗത്തിനും 10% കാർഷിക ആവശ്യങ്ങൾക്കും 15% വ്യാപാര ആവശ്യങ്ങൾക്കും 5% ചെറുകിട വ്യവസായങ്ങൾക്കുമായാണ് ചെലവാകുന്നത്. ഇലക്ട്രിസിററി ബോർഡിൻെറ അക്ഷന്തവ്യമായ അനാസ്ഥക്കൊരു ഉദാഹരണം രണ്ടരവർഷത്തോളം പഞ്ചായത്തിലെ 396 തെരുവു വിളക്കുകളും കത്തിയില്ലായെന്നുള്ളതാണ്.

ഗാർഹിക ആവശ്യങ്ങറ്ക്ക് പ്രധാനമായും വിറകാണ് ഉപയോഗിക്കുന്നത്. ഗ്യസ് അടുപ്പുകറ്റ പ്രചാരത്തിലായിത്തുടങ്ങിയിട്ടേയുള്ളൂ. ഗോബർഗ്യാസ് പ്ലാൻറുകറ്റ പഞ്ചായത്തിൽ 58 എണ്ണമുണ്ട്

## പ്രശ്നങ്ങൾ

1. വൈദ്യുതി വിതരണ സംവിധാനത്തിലെ തകരാറ്
2. ട്രാൻസ് ഫോർമറുകളുടെ ശേഷിക്കുറവ്
3. വൈദ്യുതി ബോർഡിലെ അഴിമതിയും ഉത്തരവാദിത്വമില്ലായ്മയും
4. തെരുവുവിളക്കുകറ്റ കത്തുന്നില്ല
5. വൈദ്യുതി എത്താത്ത നിരവധി സ്ഥലങ്ങളുണ്ട്
6. വൈദ്യുതിലൈൻ വൃക്ഷത്തലപ്പുകളിൽ മുട്ടി നിൽക്കുന്നു

## സാധ്യതകൾ/പരിഹാരങ്ങൾ

1. പുകയില്ലാത്തതും വിറകുലാഭിക്കാവുന്നതുമായ പരിഷത്ത് അടുപ്പുകറ്റ പ്രചരിപ്പിക്കുക
2. വൈദ്യുത ലൈനിൽ തൊട്ടുനിൽക്കുന്ന വൃക്ഷത്തലപ്പുകറ്റ ജനകീയസഹകരണത്തോടെ വെട്ടിമാററുക
3. മോശപ്പെട്ട പോസ്ററുകറ്റ മാററിസ്ഥാപിക്കുക
4. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും പഴയവയുടെ ശേഷിവർദ്ധിപ്പിക്കുകയും ചെയ്യുക
5. തെരുവുവിളക്കുകറ്റ കത്തിക്കുക
6. പഞ്ചായത്തിനകത്തെ ഊർജ്ജ വിതരണത്തിൻെറയും അററകുററപ്പണികളുടെയും ചുമതല പഞ്ചായത്തിനെ ഏല്പിക്കുക
7. കറൻറ്, സൗരോർജ്ജം എന്നിവ വഴിയുള്ള ദീപങ്ങറ്റ ഉപയോഗിക്കുക
8. ചാത്തമററം ലക്ഷംവീട്,പുതിയിടത്തുപാറ, തറമുട്ടം കോളനി പൈങ്ങോട്ടൂർ ലക്ഷംവീടുകോളനി, കടവൂർ ലക്ഷംവീടുകോളനി, മാവുംതൊട്ടി ലക്ഷംവീട്, മഹിളാസമാജം, വസൂരിക്കുന്ന് എന്നിവിടങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക
9. എല്ലാ വാർഡിലേയും പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകറ്റ സ്ഥാപിക്കുക
10. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകറ്റ വൈദ്യുതീകരിക്കുന്നതിന് മുൻഗണന നൽകുക

11 വിറകുക്ഷാമം കുറയ്ക്കാൻ സാമൂഹ്യ വനവൽക്കരണം നടത്തുക.

# ഭവന നിർമ്മാണം ക്ഷേമ പ്രവർത്തനങ്ങൾ

## പാർപ്പിടം

പാർപ്പിട രംഗത്ത് പഞ്ചായത്തിൽ പിന്നോക്കാവസ്ഥയുണ്ട്. 3969 കെട്ടിടങ്ങളിൽ ആയിരത്തോളം ഓലമേഞ്ഞതും വാസയോഗ്യമല്ലാത്തതുമാണ്. 2560 കെട്ടിടങ്ങൾ ഓടുമേഞ്ഞതും 350 കെട്ടിടങ്ങൾ കോൺക്രീററും ആണ്. തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാററം ആവശ്യമുള്ളതുമായ വീടുകൾ 25% വരും. പോത്താനിക്കാട് ഹൗസിംഗ് സൊസൈററി 122 പേർക്ക് വായ്പ കൊടുത്തിട്ടുണ്ട്. സാധാരണക്കാർക്ക് പ്രയോജനപ്പെടുന്നില്ല. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ പത്തുവർഷമായി മുന്നൂറോളം വീടുകൾ പണിതിട്ടുണ്ട്. ഇത് വളരെ കുറവാണ് കഴിഞ്ഞ അഞ്ചുവർഷമായി പഞ്ചായത്ത് മുന്നൂറുകളോളം വീടുകൾക്ക് നമ്പർ നൽകിയിട്ടുണ്ട്. വീടുകൾ പണിതു കൊടുക്കുന്നതിന് ഫലപ്രദമായ സംവിധാനം വേണം. മൈത്രീ ഭവന പദ്ധതി, രാജീവ് ദശലക്ഷം പദ്ധതികളിലൂടെയും 25 വീടുകൾ കൊടുത്തിട്ടുണ്ട്. സർവ്വേ നടത്തിയപ്പോൾ 600-ൽപ്പരം എണ്ണമാണു കിട്ടിയത്. റിക്കാർഡുകൾ ശരിയായത് ഇതിൽ 72 എണ്ണമാണ്. ഭൂമി റിക്കാർഡുകളുടെ അപര്യാപ്തത വലിയ പ്രശ്നമാണ്. റീസർവ്വേ അത്യാവശ്യമാണ്, കടുത്ത സമ്മർദ്ദം ചെലുത്തണം. ദുർബല ജനവിഭാഗങ്ങൾക്ക് പഞ്ചായത്ത് ഏറെറടുത്ത മൂന്നര ഏക്കർ സ്ഥലം അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

വിദഗ്ധ തൊഴിലാളികൾ കുറവുണ്ട്. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ നിർമ്മിതികേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ വേണം. ലക്ഷംവീട് കോളനികളിലും 4 സെൻറ് കോളനികളിലും പുറമ്പോക്ക് ഭൂമികളിലും താമസിക്കുന്ന ദുർബല ജനവിഭാഗങ്ങൾക്കാണ് അടിയന്തിരമായി ഭവനവസതികൾ ആസൂത്രണം ചെയ്യേണ്ടത്. കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന കേന്ദ്രങ്ങൾ കുളപ്പുറം പൈങ്ങോട്ടൂർ വാർഡുകളിൽ ഉണ്ട്.

## പ്രശ്നങ്ങൾ

**a)** കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യം വിലക്കയററം.

**b)** നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.

**c)** വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

**d)** ഭൂരഹിതരുടെ പ്രശ്നങ്ങൾ.

**e)** കോളനികളിൽ പശ്ചാത്തല സൗകര്യമില്ലായ്മ.

**f)** ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ദ്ധരുടെ അഭാവം

**g)** ഹൗസിംഗ് സൊസൈററികളുടെ പ്രശ്നങ്ങൾ.

h) പുറംപോക്ക് കൈവശം വച്ചിരിക്കുന്ന നാമമാത്ര കുടികിടപ്പുകാർക്ക് വീടുവച്ച് താമസിക്കുന്നതിന് അടിയന്തിരമായി പട്ടയം നൽകുക.

## സാദ്ധ്യതകൾ

1) പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈററി.
2) കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറക്കുക.
3) ചെലവുകുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം.
4) തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം.
5) ഭൂരഹിതർക്കും നിർദ്ധനർക്കും പ്രത്യേക ഭവന നിർമ്മാണ പരിപാടി.
6) ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്താനുള്ള നികുതിവ്യവസ്ഥ.
7) പരമ്പരാഗത വാസ്തുശില്പമാതൃകകളുടെ സംരക്ഷണം.
8) കെട്ടിട മെയിൻറൻസിന് വേണ്ടിയുള്ള സർവ്വീസ് സംഘങ്ങൾ.
9) പുതിയ ആസൂത്രിത കോളനികൾക്കുള്ള സാധ്യതകൾ.

# സാമൂഹ്യക്ഷേമം

രണ്ടുവിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽനടപ്പാക്കി ക്കൊണ്ടിരിക്കുന്നത്. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗങ്ങൾക്കാ യുള്ള പെൻഷൻ ധനസഹായപദ്ധതികളും I R D P സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1610 ആണ്. കക്കൂസുകൾ പണിയുവാൻ അർ ഹതയുള്ളത് 275 ആണ്. പ്രതിവർഷം ശരാശരി 25 കുടുംബങ്ങൾക്കാണ് I R D P ആനുകൂല്യം ലഭിക്കുന്നത്. വാർദ്ധക്യ പെൻഷൻ – 9, വികലാംഗ പെൻഷൻ – 16 വിധവാ പെൻഷൻ –11, കർഷകതൊഴിലാളി പെൻഷൻ – 127, തൊഴിലില്ലായ്മവേതനം 77 എന്നിങ്ങനെയാണ് പഞ്ചായത്തിൽ കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷനുകളുടേയും സഹായങ്ങളുടേയും 1995 ലെ വിവരങ്ങൾ അർഹതയുള്ള ധാരാളം പേർക്ക് കൊടുക്കാനു ണ്ട് അപേക്ഷ കൊടുത്ത ധാരുളം പേർക്ക് കിട്ടാനുണ്ട്, 25പേർക്ക് ട്രൈസം പരിശീലനം നൽകി. അതിന് 15 പേർ പരിശീലനം നേടിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നു. D W C R A Unit കടവൂരിൽ പ്രവർത്തിക്കുന്നുണ്ട്. 94–95ൽ 10 ആളുകൾ ആയിതുടങ്ങി 'റെഡിമെയ്ഡ് ഗാർമെൻറ്സ്' യൂണിററ് എന്നാണ് പേര്. വികലാംഗക്ഷേമപദ്ധതി യെക്കുറിച്ച് പഠിച്ച് മനസിലാക്കാനുണ്ട്. നെടുവക്കാടു പ്രവർത്തിക്കുന്ന ബാലവാടിക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. പഞ്ചായത്തിലുള്ള ബാലവാടി ജീവനക്കാർക്ക് ദുരിതത്തിന്റെ കഥയെ പറയുവാനുള്ളു. ആറുമാസമായിട്ട് കുട്ടികൾക്ക് ആഹാരപദാർ ത്ഥങ്ങൾ ലഭിക്കുന്നില്ല. ഫർണീച്ചറുകളോ, പഠനോപകരണങ്ങളോ, കളിപ്പാട്ടങ്ങളോ ആവശ്യത്തിന് ഇല്ല. ആഹാരം പാകം ചെയ്യാനുള്ള പാത്രങ്ങൾ പോലും ഡിപ്പാർട്ടു മെൻറിൽനിന്നും കിട്ടിയിട്ടില്ല. പോഷകാഹാര പരിപാടി കടലാസിൽ മാത്രമാണ്. ബാലവാടികൾ ഇല്ലാത്ത വാർഡുകളിൽ ഓരോ ബാലപാടികൾ സ്ഥാപിക്കണം. അടിയ ന്തിരമായി ഇവയെ അംഗനവാടികളാക്കി മാററണം.

പഞ്ചായത്തിലെ ബാലവാടികൾ താഴെ പറയുന്നു.

1. തെരേസാ ബാലവാടി — ചാത്തമററം
2. പുഞ്ചിരി ബാലവാടി — S പുന്നമററം
3. ഭാവന ബാലവാടി — പനങ്കര
4. ഗ്രാമോദ്ധാരണ ബാലവാടി — ആയങ്കര
5. ഹരിജൻ ബാലവാടി — N പുന്നമററം

പുഞ്ചിരി ബാലവാടി: കുടിവെള്ളമില്ല, കക്കൂസ് ഉപയോഗ ശൂന്യമാണ്, കെട്ടിടം പൊളിച്ചുനന്നാക്കണം.

ചാത്തമററം ബാലവാടി: കെട്ടിടത്തിൻെറ സുരക്ഷിതത്വത്തിനുവേണ്ടി റിട്ടേണിംഗ് വാൾ കെട്ടണം.

ആയങ്കര ബാലവാടി: മഹിളാസമാജം കെട്ടിടം ജീർണ്ണിച്ചതാണ് പുതുക്കി പണിയേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ദാരിദ്രനിർമ്മാർജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2. I R D P ലിസ്ററിൽ അർഹരായവരെ ഉൾപ്പെടുത്തിയിട്ടില്ല.
3. അഴിമതി, ഇടതട്ടുകാരുടെ ചൂഷണം.
4. പദ്ധതികളെപ്പററി സാധാരണക്കാർക്ക് വിവരമറിയുവാൻ കഴിയുന്നില്ല എന്നുമാത്രമല്ല അറിയിപ്പ് ആവശ്യമുള്ളവർക്ക് എത്തിയ്ക്കുന്നതിൽ ഉദ്യോഗസ്ഥ മേധാവികൾ വീഴ്ചവരുത്തുന്നു.
5. ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല

## സാദ്ധ്യതകൾ

1. I. R. D. P. സർവ്വെയിൽ ആനുകൂല്യം കിട്ടാത്തവർക്ക് ലഭിക്കുവാൻ തീവ്രയത്ന പരിപാടി
2. D. W. C. R. A. യൂണിററുകൾ സ്ഥാപിക്കുന്നതോടൊപ്പം കടവൂരിൽ പ്രവർത്തിക്കുന്ന DWCRA യൂണിററിന് ബ്ലോക്കു വക സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള ഏർപ്പാടു ചെയ്യുക
3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യതയുള്ള പരിപാടികൾ സംഘടിപ്പിക്കുക.
4. ധനസഹായ പദ്ധതികൾ കിട്ടുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ജനകീയ സംവിധാനം.
5. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം, പ്രതിരോധ ചികിൽസാ സൗകര്യങ്ങൾ ഇവ ഏർപ്പെടുത്തുക.

6. ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

7. പഞ്ചായത്തിൽ അംഗൻവാടിയില്ല. ഇതിനു പരിഹാരമായി I C D S പ്രൊജക്റ്റ് കൊണ്ടുവരുകയും സ്ഥലവും കെട്ടിടവും കണ്ടെത്തുകയും ചെയ്യുക.

8. ചാത്തമറ്റം-ഒറ്റക്കണ്ടം ഹരിജൻ കോളനിയിൽ 25 സെൻറ് സ്ഥലം അംഗൻവാടിക്ക് അവിടെ അടിയന്തിരമായി കെട്ടിടം പണികഴിപ്പിക്കണം.

9 പഞ്ചായത്തിൽ 2 V E O മാരുടെ ഫുൾടൈം സേവനം ആവശ്യമാണ്.

# 8. സംസ്കാരം

[redacted] കിഴക്ക് സഹ്യന്റെ സാനക്കളം അതിരിട്ട നിൽക്കന്ന ഈ പഞ്ചായത്തിനെ വടക്കം തെക്കമായി പരീക്കണ്ണിപ്പുഴയും കാളിയാർപുഴയും തഴുകി ഒഴുകുന്നു. കാളിയാർ കക്കടാശ്ശേരി രാജപാത ഒരു ധമനി പോലെ നീണ്ടുനിവർന്നു കിടക്കുന്നു. കടന്നുപോയ നൂററാണ്ടുകളിലെ സാംസ്കാരിക പൈതൃകം ചെപ്പിലൊളിച്ചുവച്ചുകൊണ്ട് ആലസ്യം പൂണ്ടുകിടക്കുകയാണ് ഗ്രാമം. എന്നാൽ ഒരു ഓർമ്മത്തെററുപോലെ ഇന്നും പ്രാചീന കലകളായ കാവടിയാട്ടം, കാളകളി, കോൽക്കളി, ചവിട്ടുകളി, ദ്ദക്കം തുടങ്ങിയവ ആധുനികതയുടെ നെരിപ്പോടിൽ കിടന്ന് ഊർദ്ധശ്വാസം വലിക്കുകയാണ്. തേക്കപാട്ടിന്റെ ഈണവും ഞാററുപാട്ടിന്റെ ഈരടിയും ഗ്രാമം എന്നേ മറന്നു കഴിഞ്ഞു. ഇവിടെ ഒരു യുഗസംക്രമമാണ് നടക്കുന്നതു്.

അതുകൊണ്ട് കുടിയേററ പ്രദേശമായ ഇവിടെ പ്രത്യേകമായ ഒരു സാംസ്കാരിക പൈതൃകം അവകാശപ്പെടാനില്ല. പഞ്ചായത്തിൽ പ്രധാനമായും ക്രിസ്തുമതം, ഹിന്ദുമതം, ഇസ്ലാംമതം എന്നീ മൂന്നു മതങ്ങളാണുള്ളത്. ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | റോമൻ കത്തോലിക്കർ | — | 53% |
| 2. | യാക്കോബായക്കാർ | — | 12% |
| 3. | ഈഴവർ | — | 21% |
| 4. | മുസ്ലീങ്ങൾ | — | 6% |
| 5. | പട്ടികജാതി പട്ടികവർഗ്ഗം | — | 6% |
| 6. | മററുള്ളവർ | — | 2% |

കത്തോലിക്കാസമുദായത്തിന് താഴെപറയുന്ന ദേവാലയങ്ങളുണ്ട്.

| | | | |
|---|---|---|---|
| 1. | സെൻറ് ജോസഫ്സ് ചർച്ച് | — | ഞാറക്കാട് |
| 2. | സെൻറ് ജോർജ് ചർച്ച് | — | കടവൂർ |
| 3. | സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് | — | വടക്കേപുന്നയററം |
| 4. | സെൻറ് ആൻറണീസ് ഫൊറോന ചർച്ച് | — | പൈങ്ങോട്ടൂർ |
| 5. | കാൽവരിഗിരി ചർച്ച് | — | കുളപ്പുറം |
| 6. | ബഥനി ചർച്ച് | — | ചാത്തമററം |

## യാക്കോബായക്കാരുടെ ദേവാലയങ്ങൾ

| | | | |
|---|---|---|---|
| 1. | സെൻറ് ജോൺസ് ഗലീലിയോ ചർച്ച് | — | ഞാറക്കാട് |
| 2. | സെൻറ് ഗ്രീഗോറിയസ് ചാപ്പൽ | — | ചാത്തമററം |
| 3. | സെൻറ് മേരീസ് ശാലേം ചർച്ച് | — | ചാത്തമററം |
| 4. | സെൻറ് ജോർജ്സ് ചർച്ച് | — | ആയങ്കര |

## ഹിന്ദു ദേവാലയങ്ങൾ

| | | | |
|---|---|---|---|
| 1. | ശ്രീദേവി ക്ഷേത്രം | — | പൈങ്ങോട്ടൂർ |
| 2. | സുബ്രഹ്മണ്യം ക്ഷേത്രം | — | മാവുംതൊട്ടി |
| 3. | പല്ലാട്ടുമഠത്തുംപടി | — | ചാത്തമററം |

## മുസ്ലീം ദേവാലയം_ജുമാ മസ്ജിദ്, പനങ്കര

പഞ്ചായത്തിൽ പ്രധാനപ്പെട്ട ക്ലബ്ബ് പനങ്കര യംഗ്സ്റ്റേഴ്സ് ക്ലബ്ബാണ്. സ്വന്തമായി കളിസ്ഥലവും നല്ല നിലയിലുള്ള ഒരു കെട്ടിടവുമുണ്ട്. ലക്ഷങ്ങൾ മതിക്കുന്ന ആസ്തിയുള്ള ക്ലബ്ബാണിത്. എല്ലാ വർഷവും വോളിബോൾ ടൂർണ്ണമെൻറ് നടത്തുന്നുണ്ട്. ചെറിയ തോതിൽ ഒരു വായനശാല ഈ ക്ലബ്ബിനുണ്ട്. ഓണം, വിഷു, ക്രിസ്തുമസ് ദിനാഘോഷങ്ങളിൽ ആഘോഷം നടത്തിപ്പോരുന്നു.

ഇതു കൂടാതെ മടത്തോത്തുപാറ സമസ്യക്ലബ്ബുണ്ട്. എല്ലാവർഷവും ഓണാഘോഷ പരിപാടി നടത്തുന്നു. നാടൻകളി മത്സരങ്ങളും വിശേഷിച്ച് വടംവലി മത്സരം നടത്തുന്നു.

ജയമാരുതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കുളപ്പുറം, ഓണാഘോഷപരിപാടി നടത്തി വരുന്നു.

ഇവ കൂടാതെ നാലാം ബ്ലോക്കിൽ ഓണാഘോഷം നടത്തുന്ന ഒരു ക്ലബ്ബുണ്ട്. ചാത്തമററത്ത് ഫ്രണ്ട്സ് ക്ലബ്ബ് ഓണാഘോഷം നടത്തുന്നു.

ഈ പഞ്ചായത്തിൽ ഏററവും നന്നായി പ്രവർത്തിക്കുന്ന വായനശാലയാണ് ആയങ്കര ജനതാ ലൈബ്രറി. ധാരാളം പുസ്തകങ്ങളും മാസിക, ആഴ്ചപ്പതിപ്പുകളുമുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥാപനമാണിത്. വായനാശീലം കുറഞ്ഞുവരുന്നതുകൊണ്ട് ലൈബ്രറിയുടെ യഥാർത്ഥ പ്രയോജനം സമൂഹത്തിന് ലഭിക്കുന്നില്ല.

പഞ്ചായത്ത് വകയായി പൈങ്ങോട്ടൂര് ഒരു സാംസ്കാരിക നിലയം പണി കഴിപ്പിച്ചിട്ടുണ്ട്. അവിടെ ഒരു ടി. വി. യും ചെറിയ തോതിലുള്ള വായനശാലയുമുണ്ട്. ചാത്തമററത്ത് സന്തോഷ് ലൈബ്രറി എന്ന പേരിൽ സമാജങ്ങൾക്കായി ഒരു വായനശാല പ്രവർത്തിക്കുന്നു.

ചാത്തമററം കവലയിൽ നളന്ദ ക്ലബ്ബ് പ്രവർത്തിച്ചുതുടങ്ങിയിട്ട് ഏകദേശം രണ്ട് വർഷത്തോളമായി. ഈയിടെയായി ഏതാനും പേർ അവിടെ സംഗീതം അഭ്യസിച്ചു വരുന്നു.

കടവൂരിൽ പ്രവർത്തിച്ചുവന്ന കൈരളി വയനശാലയും അതോടനുബന്ധിച്ചുള്ള ലൈബ്രറിയും നശിച്ചുപോയി. കിടമത്സരം മൂലം നഷ്ടപ്പെട്ട അതിന്റെ ആസ്തിത്വം ഈ നാടിനൊരു നഷ്ടമാണ്. അതിനുണ്ടായിരുന്ന ഫർണിച്ചറുകളും, വിലപിടിപ്പുള്ള നിരവധി പുസ്തകങ്ങളും സ്വാർത്ഥമതികൾ കൈക്കലാക്കിയിട്ടുണ്ടാകും. ഗ്രന്ഥശാല സംഘം ഇക്കാര്യം പരിശോധിക്കുമെന്നുകരുതുന്നു.

പ്രചാരത്തിലുള്ള പത്രങ്ങളുടെ എണ്ണം 12

## പ്രശ്നങ്ങൾ

1 സാംസ്കാരിക രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഏജൻസികളില്ല.
2 വാർത്താമാദ്ധ്യമങ്ങളുടെ പ്രചുര പ്രചാരത്തിൽ വായനാശീലം സമൂഹം കൈവെടിയുന്നു.

## നിർദ്ദേശങ്ങൾ

1 വർഷംതോറും പഞ്ചായത്തടിസ്ഥാനത്തിൽ വിപുലമായ ഓണാഘോഷപരിപാടി നടപ്പാക്കുക. ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും പങ്കെടുക്കത്തക്ക വിധത്തിൽ സ്പോട്സ് നാടകം, പ്രസംഗം തുടങ്ങിയ മത്സരം ഏർപ്പെടുത്തുക. പോയിൻറ് അടിസ്ഥാനത്തിൽ ആകർഷകമായ സമ്മാനങ്ങൾ ഏർപ്പെടുത്തുക.

2 പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നു പഞ്ചായത്തിൽ നിലവിലുള്ള അത്തരം കലകളുടെ സംഘാടകരുമായി ബന്ധം പുലർത്തി ഒരു സംയോജിത രൂപം കൈവരുത്തുക.

3 ചാത്തമററത്തുള്ള കാവടിയാട്ടം പ്രോത്സാഹനമർഹിക്കുന്നു. കാവടിയാട്ടം, ഐവർകളി, കോൽകളി, ചവിട്ടുകളി, തുക്കം, കാളകളി, മുടിയാട്ട് തുടങ്ങിയ കലകളവതരിപ്പിക്കുന്ന കലാകാരന്മാരെ ഉൾപ്പെടുത്തി പ്രാചീന കലാപോഷണത്തിന് ഒരു സംഘടന ഉണ്ടാക്കുക.
4 കടവൂരിൽ പഞ്ചായത്തു വകയായി ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

# 9. വനിതാ

പഞ്ചായത്ത് രാജ് ബില്ലനുസരിച്ച്, പഞ്ചായത്ത് ഭരണസമിതിയിൽ $\frac{1}{3}$ വനിതാ പ്രതിനിധികൾ ഉണ്ടായിരിക്കണം. കേരളത്തിലെ മൊത്തം പഞ്ചായത്തിൽ $\frac{1}{3}$ൽ സ്ത്രീകൾ പ്രസിഡൻറുമാരായിരിക്കണം. നമ്മുടെ പഞ്ചായത്തിൽ വനിതാ പ്രസിഡൻറിനു പുറമെ, 2 വനിതകൾ കൂടിയുണ്ട്. സംവരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കുലഭിക്കുന്ന പ്രാതിനിത്യം ഒന്നുകൊണ്ടുമാത്രം സ്ത്രീകളുടെ ഭരണ പങ്കാളിത്തം ഉറപ്പാക്കാനാവുകയില്ല. സ്ത്രീകൾക്ക് സ്വന്തം അഭിപ്രായം സ്ഥാപിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും മേൽ കൈലഭിയ്ക്കാത്ത ഒരു സാമൂഹ്യ സംവിധാനമാണിവിടെ നിലവിലുള്ളത്. ഈ സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ യഥാർത്ഥ ഭരണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതുവഴി കേർളത്തിലെ സ്ത്രീ സാമാന്യത്തിൻെറ നിലമെച്ചപ്പെടുത്തുന്നതിനും എന്തുചെയ്യണം? ഇതു നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചും പ്രസക്തമാണ്.

തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളിൽ ഭൂരിഭാഗവും നടാടെയാണ് പൊതുപ്രവർത്തനരംഗത്തുവരുന്നത് ഭരണ മേഖലകളിൽ പ്രവർത്തിച്ചുള്ള മുൻകാലപരിചയം അവർക്കില്ല. എന്നാൽ പുരുഷ പ്രാമാണ്യത്തത്തിൻെറ ഒരു പ്രവർത്തന ശൈലിയാണ് എല്ലാ ഭരണരംഗത്തും നിലവിലുള്ളത് പ്രശ്നങ്ങൾ പഠിയ്ക്കാനും കാര്യങ്ങൾ ചിട്ടയായി ചെയ്യാനുമുള്ള പരിശീലന സൗകര്യം സർക്കാർ തലത്തിലുണ്ടാകണം. സാമൂഹ്യ സംഘടനകൾ നിർഭാഗ്യവശാൽ ഈ രംഗത്ത് ഒന്നും ചെയ്തുകാണുന്നില്ല പഞ്ചായത്തിൻെറ നിയമങ്ങളും ചട്ടങ്ങളും പഠിയ്ക്കാനും വ്യത്യസ്ത മേഖലകളിലുള്ള പ്രവർത്തനങ്ങൾ മനസിലാക്കി അഭ്യസിയ്ക്കാനും തയ്യാറാകാതെ കമ്മററികളിൽമാത്രം സംബന്ധിച്ചതുകൊണ്ട് ഫലമില്ല. ഭരണത്തിൽ പങ്കാളിയാവാൻ ഭരണ പരിചയം അനിവാര്യമാണ്. പൊതുജനാരോഗ്യം, സാമൂഹ്യക്ഷേമം, ഊർജ്ജം, സാക്ഷരത, കുടിവെള്ളം, ശിശു വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുരുഷന്മാരേക്കാൾ കൂടുതൽ പങ്കാളിത്തം സ്ത്രീകൾക്കുണ്ടായിരിക്കുന്നതാണ് നല്ലത്.

പൈങ്ങോട്ടൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 49% സ്ത്രീകളാണ്. മൊത്തം ജനസംഖ്യയിൽ 1000 സ്ത്രീകൾക്ക് 1081 പുരുഷന്മാർവരും. സംസ്ഥാന നിരക്കിൽ ഇവിടെ മാററമുണ്ട്. 31-3-96-ലെ കണക്കനുസരിച്ച് മൊത്തം 3959 വീടുകളിൽ 459 വീടുകൾ സ്ത്രീ നിയന്ത്രണത്തിലാണ്. ഇപ്പോഴുള്ള പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് വിദ്യാസമ്പന്നരാണ്. തൊഴിൽ മേഖലയിൽ പുരുഷമേധാവിത്വമാണ്. കർഷക തൊഴിലാളി മേഖലയിലാണ് സ്ത്രീകൾ കൂടുതലുള്ളത്. അദ്ധ്യാപകരിലും സ്ത്രീകൾക്ക് ഭൂരിപക്ഷമുണ്ട്. പൊതുപ്രവർത്തനത്തിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. ക്രിസ്ത്യൻ ദേവാലയങ്ങളോടനുബന്ധിച്ചുമാത്രമാണ് സ്ത്രീകളുടെ സംഘടനകളുള്ളത്. കടവൂർ DWCRA യൂണിററുണ്ട്. കർഷക തൊഴിലാളി, നിർമ്മാണ തൊഴിലാളി മേഖലകളിൽ പുരുഷ-സ്ത്രീ കൂലി വ്യത്യാസം വളരെ കൂടുതലാണ്.

## പ്രശ്നങ്ങൾ

1 വാർഡുകളിൽ സ്ത്രീകൾക്ക സമ്മേളിയ്ക്കാൻ കമ്മ്യൂണിററി ഹാളുകളില്ല.
2 സ്ത്രീധനം. ഭൂസ്വത്തിനവകാശമില്ലായ്മ.
3 പൊതുരംഗത്ത് പങ്കാളിത്തക്കുറവ്
4 തൊഴിൽ മേഖലയിൽ വേണ്ടത്ര അവസരമില്ല.
5 സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതശ്രമങ്ങൾകുറവാണ്.
6 സാമൂഹ്യ സംഘടനകളിൽ സ്ത്രീകളുടെ പ്രതിനിത്യം വളരെ കുറവാണ്.
7 പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യക്കുറവ്.

## സാദ്ധ്യതകൾ

1 വ്യാജമദ്യത്തിനെതിരെ നിയമ നടപടിയും ജനകീയ സമിതികളും രൂപീകരിക്കുക.
2 ദാരിദ്ര്യ നിർമ്മാർജന പരിപാടികളിൽ വിധവകൾക്ക് മുൻതൂക്കം കൊടുക്കുക.
3 വീടിന് ധനസഹായം നൽകുമ്പോൾ വിധവകൾക്ക് മുൻതൂക്കം കൊടുക്കുക.
4 കൂടുതൽ വനിതാ സഹകരണ വ്യവസായങ്ങൾ.

5 സ്ത്രീകൾക്കായുള്ള നേതൃത്വപരിശീലനങ്ങൾ.
6 അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.
7 ഓരോ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുക.
8 പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9 സ്ത്രീ പുരുഷസമത്വ ബോധം വളർത്തത്തക്കവിധം സ്കൂളുകളിൽ ബോധനം നൽകുക.
10 അസംബ്ലിയിലും പാർലമെന്റിലും വനിതാ സംവരണം ഏർപ്പെടുത്തുക.
11 ഭൂസ്വത്തിൽ ഭാര്യാഭർത്താക്കന്മാർക്ക് തുല്യപ്രാതിനിത്യം നൽകുക.
12 ഉദ്യോഗ നിയമനങ്ങളിൽ 50% വനിതാ സംവരണം ഏർപ്പെടുത്തുക.
13 പഞ്ചായത്തിനുള്ളിൽ നടക്കുന്ന വിവാഹങ്ങൾ നിർബന്ധമായും പഞ്ചായത്താഫീസിൽ രജിസ്റ്റർ ചെയ്യുക.

# 10. സഹകരണ മേഖല

പഞ്ചായത്തിലെ പ്രധാന സ്ഥാപനം കടവൂർ സഹകരണബാങ്കാണ്. 1930 ജനുവരി 11-ാംമത് പനങ്കര പരസ്പര സഹായസഹകരണസംഘം എന്ന പേരിലാണ് ഇതാരംഭിച്ചത്. ദീർഘകാലം സുഷുപ്തിയിൽ ലയിച്ചിരുന്ന ഈ സംഘം പിൽക്കാലത്ത് കടവൂർ സർവ്വീസ് സഹകരണ ബാങ്കായി തീരുകയാണുണ്ടായത്. 30 ലക്ഷം ഓഹരികളാണ് ഇതിന് നിലവിലുള്ളത് അംഗങ്ങൾക്ക് കാർഷിക വായ്പയായി ഒരു കോടി 65 ലക്ഷം രൂപയാണുള്ളത്. മററിനങ്ങളിലായി ഒരു കോടി 30 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ബാങ്കിന് കടവൂർ, പൈങ്ങോട്ടൂർ, ചാത്തമററം എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ചുണ്ട്. ഈ മൂന്നിടത്തും രാസവള വില്പന സ്റ്റോറുകളുണ്ട്. കടവൂരിൽ ഒരു ജനറൽ സ്റ്റോഴ്സ് നടത്തിവരുന്നു. ഡിപ്പോസിററിനത്തിൽ 2 കോടി 10 ലക്ഷം രൂപയുണ്ട്. ഇതിന് ചാത്തമററം, കടവൂർ. എന്നിവിടങ്ങളിൽ സ്വന്തമായി കെട്ടിടവും പൈങ്ങോട്ടൂർ സ്ഥലവുമുണ്ട്. ഈ പഞ്ചായത്തിൽപ്പെട്ട കുളപ്പുറം, ആയങ്കര, പൈങ്ങോട്ടൂർ തെക്കേപുന്നമററം എന്നീ വാർഡുകളിൽ നിന്നും ധാരാളം പേർ പേരമംഗലം സർവ്വീസ് സഹകരണബാങ്കിൽ അംഗങ്ങളായിട്ടുണ്ട്. രണ്ടു ബാങ്കുകളിലും ഒരേ സമയം അംഗങ്ങളായിരിക്കുന്ന ദ്വയംഗ പ്രതിഭാസം ഇവിടെ നിലവിലുണ്ട്. രണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നവരുമുണ്ട്. പോത്താനിക്കാട് പഞ്ചായത്തിലെ ഭവന നിർമ്മാണ സഹകരണ സംഘത്തിൽ നിന്നും വായ്പ എടുക്കുന്നവരുമുണ്ട്. എറണാകുളം ഡിസ്ട്രിക്ററ് സഹകരണബാങ്കിന്റെ പൈങ്ങോട്ടൂർ ശാഖയിൽ നിന്ന് വിവിധ രീതിയിലുള്ള വായ്പകളും നൽകി വരുന്നു.

ക്ഷീര സംവരണ വിതരണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ പ്രാധാന്യം പൈങ്ങോട്ടൂർ പ്രവർത്തിച്ചുവരുന്ന മിൽമ സൊസൈററിയാണ്. ഇതിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ഇതിനുപുറമെ പനങ്കര. കടവൂർ. ചാത്തമററം, കുളപ്പുറം, ഞാറക്കാട് എന്നീ ക്ഷീര സംഭരണ കേന്ദ്രങ്ങളുണ്ട്.

പരമ്പരാഗതമായ വ്യാവസായമായ കുട്ടനെയ്ത്തിനുവേണ്ടി സ്ഥാപിച്ച ഹരിജൻ സൊസൈററി പീഠിത വ്യവസായമായി മാറിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1 വികസന പ്രവർത്തനങ്ങളിൽ സഹകരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കൊന്നുമില്ല.
2 വനിതാസഹകരണ സംഘങ്ങൾ ഒന്നും രൂപീകരിച്ചിട്ടില്ല.
3 തെരഞ്ഞെടുപ്പിലെ രാഷ്ട്രീയാതിപ്രസരം.
4 കാലാകാലങ്ങളിൽ വരുന്ന സംസ്ഥാന ഭരണാധികാരികൾ സഹകരണ മേഖലയെ വെട്ടിപ്പിടിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ.

5 അംഗങ്ങൾ എടുക്കുന്ന വായ്പകൾ നിർദ്ദിഷ്ട കാര്യങ്ങൾക്ക് ഉപയോഗിക്കാനാവാതെ വരുന്നതു മൂലമുള്ള ഉല്പാദനക്ഷമതയില്ലായ്മ

6 പുതിയ മേഖലകളിലേയ്ക്ക് പ്രവേശിക്കുവാനുള്ള ആത്മധൈര്യക്കുറവ്.

7 സാങ്കേതിക നവീകരണത്തിന്റെ അഭാവം

8 അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവ്

9 ഡിപ്പാർട്ടുമെന്റിന്റെ മേധാവിത്വം

## സാധ്യതകൾ

1 ജീവനക്കാർക്ക് പ്രത്യേക പഠന ക്ലാസുകൾ നൽകുക.

2 വനിതകൾക്കായി പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുക. മരാമത്തുപണികൾക്കായി ലേബർ കോൺട്രാക്ററ് സംഘം രൂപീകരിക്കുക.

3 സോഷ്യൽ ആഡിററിംഗ് നടത്തുക.

4 പഞ്ചായത്തുവികസനവുമായി ബന്ധപ്പെട്ട മാർക്കററിംഗ് സഹകരണസംഘം സ്ഥാപിക്കുക.

5 ജനകീയാസൂത്രണത്തിലൂടെ നാടിന്റെ വികസനത്തിൽ പങ്കുചേരുക.

a) പഞ്ചായത്തിൽ പച്ചപ്പുൽകൃഷി നടത്തുന്നതിന് വ്യക്തികൾക്ക് വിത്തും വളവും മററു ധനസഹായവും നൽകുക.

b) വ്യാപാരാടിസ്ഥാനത്തിൽ കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് സാങ്കേതിക ഉപദേശവും ധനസഹായവും മാനേജിംഗും നടത്തുക

c) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിന് വിവിധ യൂണിററുകൾക്ക് ''മാതൃ അനുബന്ധ'' യൂണിററായി പ്രവർത്തിക്കുക.

d) പുകയില്ലാത്ത അടുപ്പുകളും സൗരോർജ്ജ വിളക്കുകളും അനർട്ടിന്റെ ഗാർഹിക ഉപകരണങ്ങളും സബ്സിഡി നൽകി വിതരണം ചെയ്യാനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുക.

e) കൃഷിഭവന്റെ സഹകരണത്തോടെ കാർഷിക സെമിനാറും കാർഷിക എക്സിബിഷനും സംഘടിപ്പിക്കുക.

f) പച്ചക്കറി കൃഷിവ്യാപനത്തിന് സർക്കാർ നൽകുന്ന പ്രോത്സാഹനത്തിനു പുറമെ സ്പെഷ്യൽ ഇൻസെന്റീവായി ധനസഹായവും മാനേജിംഗും നടത്തുക.

ഇതിൽ ഒന്നോ അതിലധികമോ പദ്ധതികൾ ഏറെറടുക്കാവുന്നതാണ്, ജനങ്ങൾക്കിടയിലേയ്ക്കിറങ്ങി ചെല്ലുകയും അവരുടെ പ്രശ്നങ്ങൾ ഏതെന്ന് തൊട്ടറിയുകയുംചെയ്യുന്ന ഒരു രീതി ഇനി അവലംബിക്കേണ്ടിയിരിക്കുന്നു. പലിശയ്ക്ക് പണം കൊടുക്കുന്ന ഒരു ഹുണ്ടികക്കാരന്റെ റോളിൽനിന്ന് ജനസഹായിയുടെ മേലങ്കിയണിയുന്ന സ്ഥാപനമായി ബാങ്കു വളരണം. ഇത് സർവ്വീസ് ബാങ്കിനും, ജില്ലാ ബാങ്കിനുംക്ഷീര സഹകരണ ബാങ്കിനും ബാധകമാണ്.

# 11. പട്ടികജാതിപട്ടികവർഗ ക്ഷേമം

പഞ്ചായത്തിൽ 290 കുടുംബങ്ങളിലായി 900 പട്ടികജാതി പട്ടിക വർഗ്ഗക്കാരുണ്ട്.

## അംഗീകൃത കോളനികൾ

1) ചാത്തമററം 2) ആയങ്കര 3) കുളപ്പുറം 4) തെക്കേപുന്നമററം 5) ഒററക്കണ്ടം
6) മെത്രാൻകുപ്പ്.

 എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവയില്ല. വടക്കേപുന്നമററത്ത് പ്രവർത്തിക്കുന്ന ഹരിജൻ ബാലവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. തെക്കേപുന്നമററത്ത് IHDP കോളനിക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കുട്ടികൾ എല്ലായിടത്തും കൃത്യമായി സ്കൂളിൽ പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ 60% പട്ടികജാതിക്കാർക്കും വീടില്ല. ഉച്ചനീചത്വങ്ങൾ ഇവിടെ നിലവിലില്ല. I.R.D.P. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയാണ് എല്ലാവരും. കോളനികളിൽ രണ്ടെണ്ണം ഒഴികെ ഒന്നും വൈദ്യുതീകരിച്ചിട്ടില്ല. ബഹുഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്.

പുരമേയാൻ നടപ്പുപദ്ധതിയിൽ 6 പേർക്ക് 150 രൂപ വച്ചും ഒരാൾക്ക് 500 രൂപയും നൽകിയിട്ടുണ്ട്. വിവാഹസഹായമായി ആർക്കും ധനസഹായം നൽകിയിട്ടില്ല. നടപ്പുപദ്ധതിപ്രകാരമുള്ള 2000 രൂപ ലാപ്സായിപ്പോയി. അർഹരായവരുടെ അപേക്ഷയില്ലാത്തതുകൊണ്ടാണത്. ചികിത്സാസഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ ആയിരം രൂപാ വീതം സഹായധനം നൽകുന്നതാണ്.

ഹരിജൻ ബാലവാടിയിൽ ഒരു കുട്ടിക്ക് 5 രൂപ എന്ന കണക്കിന് ഫീഡിംഗ് സഹായം നൽകി വരുന്നു. ടീച്ചർക്ക് പ്രതിമാസം 525 രൂപ ആയക്ക് 300 രൂപയും കുട്ടിഒന്നിന് ഡസ്ക് അലവൻസ് 200 രൂപയും കെട്ടിട വാടക 125 രൂപയും ലഭിക്കുന്നു.

## പ്രശ്നങ്ങൾ

1 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്.
2 വിദ്യാഭ്യാസം, തൊഴിൽ, വരുമാനം എന്നിവയിൽ പിന്നോക്കാവസ്ഥ.
3 അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്.
4 അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
5 ആനുകൂല്യങ്ങൾ ഇടത്തരക്കാർ തട്ടിയെടുക്കുന്നു.
6 സർക്കാർതലത്തിലുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരമില്ലായ്മ.

## സാദ്ധ്യതകൾ

1 ഫണ്ടുകൾ ജനസംഖ്യാനുപാതികമായി മാററി വയ്ക്കുക.
2 വരുമാന വർദ്ധനവിനായി കുടുംബം അടിസ്ഥാനമാക്കി സ്കീമുകൾ ഉണ്ടാക്കുക.
3 ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.
4 പൊതുശ്മശാനം നിർമ്മിക്കുക. ഭൂരഹിതരും നാമമാത്രഭൂമിയുള്ളവരുമായ നിരവധി കുടുംബങ്ങൾ ശ്മശാനത്തിന്റെ അഭാവത്തിൽ ബുദ്ധിമുട്ടുന്നുണ്ട്.
5 പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത പദ്ധതിനടപ്പാക്കിയാൽ തൊഴിൽ ദിനങ്ങൾ ധാരാളമുണ്ടാകുന്നതാണ്.
ഉദാ: ഓടകൾ, കക്കൂസുകൾ, വാട്ടർഷെഡ്, ഗ്രാമീണചന്ത etc.

ഒരു കിലോ മീററർ റോഡുണ്ടാക്കുന്നതിന് ചെലവാകുന്ന തുക കൊണ്ട് 12 അംഗൻവാടികളുണ്ടാക്കാം, അല്ലെങ്കിൽ 250 കക്കൂസുകൾ നിർമ്മിക്കാം. അംഗൻവാടികളിൽ പഠിക്കുന്നത് പ്രായേണ പാവപ്പെട്ടവരുടെ കുട്ടികളാണ്.

# 12. വിഭവസമാഹരണം

ദശാബ്ദങ്ങളായി കൃഷിയെ മാത്രം ആശ്രയിച്ചുകഴിഞ്ഞുപോന്ന ഈ ഗ്രാമത്തിലെ മുഖ്യ വരുമാനം ഇന്നും കാർഷിക വിളകൾ മാത്രമാണ്. അടയ്ക്ക, കുരുമുളക്, പുൽതൈലവും സമൃദ്ധിയായി വിളഞ്ഞിരുന്ന ഈ നാട്ടിൽ അടുത്ത കാലത്തായി കാർഷിക വിളകളുടെ സ്വഭാവത്തിൽ വന്ന മാററംമൂലം ഏതാണ്ട് നാമാവശേഷമാവുകയാണ്. തെങ്ങുകൃഷി വർഷം തോറും കുറഞ്ഞുവരുന്നു. സേവന രംഗത്തുനിന്നുള്ളതും പുറംരാജ്യങ്ങളിൽ ജോലിചെയ്യുന്നതിൽ നിന്നുള്ളതും ഒരു വലിയ വരവായി ഗണിക്കാനാവുന്നില്ല.

# 1995-96–ലെ വരവുചെലവ് കണക്ക്

| വരവിനങ്ങൾ | രൂ. | സ | ചെലവിനങ്ങൾ | രൂ. | സ. |
|---|---|---|---|---|---|
| കെട്ടിട നികുതിയിനം | 139677 | ... | എസ്റ്റാബ്ലിഷ്മെൻറ് | 273715 | ... |
| തൊഴിൽ കരം ഇനം | 83705 | ... | വാട്ടർ സപ്ലൈ ചാർജ് | 112104 | ... |
| വാടക ,, | 99480 | ... | വൈദ്യുതി ചാർജ് | 58668 | ... |
| ലേലം ,, | 22107 | ... | കമ്മിററി അലവൻസ് | 74850 | ... |
| നികുതി ,, | 46230 | ... | പൊതുമരാമത്ത് | 69459 | ... |
| വസ്തു കൈമാററം | 52825 | ... | വായ്പ അടവ്-മുതൽ, പലിശ | 62275 | ... |
| ഉപാധിരഹിത ഫണ്ട് | 629093 | ... | ഉപാധിരഹിതഫണ്ട് | 764111 | 42 |
| പലയിനം | 131107 | ... | മററിനം ചിലവുകൾ | 68817 | 75 |
| ആകെ | 1204224 | ... | ആകെ | 1484000 | 17 |

ഇതിൽ നിന്നും പഞ്ചായത്തിൻെറ വരവ് പ്രതിവർഷ ചെലവിനു തികയുന്നില്ലെന്നു വ്യക്തമാണ്. അങ്ങനെ കമ്മി 3 ലക്ഷം രൂപയിൽ എത്തിനിൽക്കുന്നു ഇതിനുപുറമെ ജല അതോറിട്ടിയിലേക്ക് 2,98,344 രൂപ കൊടുത്തു തീർക്കാനുമുണ്ട്.

അപ്പോഠം പദ്ധതി വിഹിതത്തിൽ നിക്കിവച്ചിട്ടുള്ളതുക വകമാററി ചെലവുചെയ്താണ് ഭരണം നടത്തുന്നതെന്നു കാണാവുന്നതാണ്. 3963 വീടുകളും ചെറുതും വലുതുമായി 283 വ്യാപാര ശാലകളും ഉള്ള പഞ്ചയത്തിൽ ധനാഗമ മർഗ്ഗത്തിനു് വ്യവസായ ശ്രംഖലയില്ലെന്നുള്ളത് ഒരു ചോദ്യചിഹ്നമായി നിലനൽക്കുന്നു.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിൻെറ ദൈനംദിന ഭരണത്തിനുപോലും പണം തികയുന്നില്ല.

2 വികസനാവശ്യത്തിന് വരുമാനം പോര.

3 പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങഠം വികസന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നില്ല

4 മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നില്ല.

5 സംഭാവനയായി പണം, ഭൂമി, അദ്ധ്വാനം എന്നിവ പരിഗണിക്കപ്പെടുന്നില്ല

6 ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കററ് ടാക്സി സ്റ്റാൻറ് എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നില്ല.

7 യഥാർത്ഥമായ നിർമ്മാണ ചെലവിൻെറ അടസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങളുടെ നികുതി ചുമത്താതെ വരുന്നു.

8 പൊതുസ്ഥലങ്ങഠം പരസ്യത്തിനുപയോഗിക്കുന്നതിന് നികുതി ഈടാക്കുന്നില്ല.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

1 9-ാം പദ്ധതിയിൽ പഞ്ചായത്തിനുള്ള വിഹിതം ഫലപ്രദമായി വിനിയോഗിക്കുക.
2 ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് പണം കണ്ടെത്തുക.
3 വികസന കാര്യങ്ങളിൽ ബഹുജന സംഘടനകളെക്കൂടി പങ്കാളികളാക്കുക
4 സന്നദ്ധ പ്രവർത്തകരുടേയും തൊഴിലില്ലായ്മ വേതനം പററുന്നവരുടേയും സേവനം ലഭ്യമാക്കുക.
5 പണമായും ഭൂമിയായും മററും സംഭാവനകൾ ലഭിക്കുന്നതിന് ഗ്രാമസഭകളെ ഫലപ്രദമായി വിനിയോഗിക്കുക.
6 എല്ലാ വാർഡിലും കശാപ്പുശാല പണിത് ലേലം ചെയ്തുകൊടുക്കുക.
7 ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.
8 മാർക്കററ് ലേലം ചെയ്തുകൊടുക്കുക.
9 ടാക്സിസ്റ്റാൻറിനകം ബസ് സ്റ്റാൻറ് പണിയുക.
10 ഏക്കർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഏർപ്പെടുത്തുക.
11 മാർക്കററുവിലയുടെ നിശ്ചിത ശതമാനം നികുതിയായി ഈടാക്കാനുള്ള ബില്ലിലെ വ്യവസ്ഥ നടപ്പാക്കുക.
12 പഞ്ചായത്തു പുറമ്പോക്കിൽ നിൽക്കുന്ന തടികൾ ലേലം ചെയ്യുക.
13 പഞ്ചായത്തിൽ മണൽ വാരുന്നതിന് 5 പൊതുകടവുകളെങ്കിലും സ്ഥാപിക്കുക.
14 കെട്ടിട നികുതിക്ക് സർചാർജ് ഏർപ്പെടുത്തുക.

# ഉപസംഹാരം

പതിററാണ്ടുകളായി നാടിൻെറ വികസനോദ്യമങ്ങൾക്കുനേരെ നിസ്സംഗതയോടെ മുഖം തിരിച്ചുനിന്ന ഒരു ജനതതിയുടെ ഭാവമാററത്തിൻെറ നിഴലാട്ടം ഗ്രാമസഭകളിൽ കണ്ടു. നിർദ്ദേശങ്ങളുടെ വേലിയേററവും ആവശ്യങ്ങളുടെ നിലയ്ക്കാത്ത പ്രവാഹങ്ങളുമായിരുന്നു അവിടെ. ഇതെല്ലാം ഒററയടിക്കു പരിഹരിക്കാനുള്ള മാന്ത്രിക വിദ്യ നമുക്കില്ല. അലാവുദീൻെറ അത്ഭുത വിളക്ക് അറബിക്കഥകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. നാട്ടുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നാട്ടുകാരെക്കാൾ വലിയൊരു ഏജൻസി വേറെ ഇല്ല. ഗ്രാമത്തെ ഒരൊററ യൂണിററായി കണ്ടുകൊണ്ട് വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് പ്രശ്നങ്ങളുടെ ഗൗരവത്തിൻെറ അടിസ്ഥാനത്തിൽ എല്ലാ ഭാഗത്തിനും എല്ലാ വിഭാഗത്തിനും ആവുന്നത്ര തുല്യ നീതി നൽകുമാറ് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് പടിപടിയായി മുന്നോട്ട് പോകാനേ നമുക്കു കഴിയുകയുള്ളു.

അധികാരം ജനങ്ങളിലേയ്ക്ക് എന്നാണ് സന്ദേശമെങ്കിലും ഇനിയും അത് പൂർണ്ണതയിലെത്തിയിട്ടില്ല. അധികാരം വിട്ടുകൊടുക്കാൻ ആർക്കും ഇഷ്ടമില്ല എന്നതുതന്നെ കാരണം. പാർലമെൻറ് മുതൽ പഞ്ചായത്തുവരെ ഇതാണ് നില. ഇതിനെതിരായി ജനശബ്ദം ഉയരാതിരിക്കില്ല.

ഒരിക്കൽ ഗാന്ധിജിയോട് ഒരാൾ ചോദിച്ച ചോദ്യവും അദ്ദേഹത്തിൻെറ ഉത്തരവും ഞാൻ പകർത്തട്ടെ.

ചോദ്യം:- എന്നാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുന്നത്.

ഗാന്ധിജി:- സ്വന്തം ശ്രമംകൊണ്ട് താങ്കളുടെ സ്ഥിതിക്ക് മാററം വരുത്താമെന്ന് എപ്പോൾ ജന സാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രം.

പദ്ധതികളുടെ രൂപീകരണത്തിലെന്നപോലെ നടത്തിപ്പിലും വിഭവസമാഹരണത്തിലും അജയ്യമായ ജനശക്തി പ്രയോജനപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ചർച്ചയ്ക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്,

പൈങ്ങോട്ടൂർ പഞ്ചായത്ത് കമ്മററി

# പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## അനുബന്ധം

**7–12–1996–ൽ കൂടിയ വികസന സെമിനാറിലെ ഗ്രൂപ്പ് ചർച്ചയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.**

### കൃഷി-ജലസേചനം

1 റിപ്പോർട്ടിലെ നിർദ്ദേശം 1-ലെ കൂട്ടുകൃഷി എന്നതിനുപകരം ഗ്രൂപ്പ് ഫാമിംഗ് എന്ന് ചേർക്കണം.

2 കർഷകർക്ക് ഉല്പാദനചെലവിന്റെ 50% സബ്സിഡി ലഭ്യമാകത്തക്കവണ്ണം സർക്കാർ ലവലിൽ ഒരു സ്ഥിരം സംവിധാനം (സമിതി) ഏർപ്പെടുത്തുക.

3 നെൽകൃഷിയിൽ സെന്റൊന്നിന് ഏററവും കൂടുതൽ വിളവ് ഉല്പാദിപ്പിക്കുന്ന കർഷകന് പഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക

4 നിർദ്ദേശം (4)-ന് പകരം ചേർക്കുക. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മണ്ണുപരിശോധനാകേന്ദ്രം ബ്ലോക്കടിസ്ഥാനത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

5 നിർദ്ദേശം (14) നു പകരം ചേർക്കുക. കാർഷികോൽപ്പന്നങ്ങളുടെ വിപണന സംസ്കരണത്തിനായി ഒരു പ്രത്യേക മാർക്കററിംഗ് സംഘം രൂപീകരിക്കുക.

6 നിർദ്ദേശം (18) നോടുകൂട്ടിച്ചേർക്കുക. കർഷകർക്കുള്ള 60% ഷെഡ്യൂൾഡ് ബാങ്കു വായ്പാ സൗകര്യം കർശനമായും പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

7 നിർദ്ദേശം (19)-നോടു കൂട്ടിച്ചേർക്കുക. കാർഷികാവശ്യത്തിനും മററും വൈദ്യുതി ലൈൻ വലിക്കുന്നതിൽ ഉണ്ടാകാവുന്ന തടസങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.

8 നിർദ്ദേശം (21) നോടു കൂട്ടിച്ചേർക്കുക. പാടശേഖര സമിതികൾക്ക് കൊയ്ത്തു മെതി യന്ത്രങ്ങൾ വാങ്ങുന്നതിന് നിലവിൽ നൽകിവരുന്ന 50% സബ്സിഡി കർഷകർക്കും ബാധകമാക്കുക.

9 നിർദ്ദേശം (26) നു പകരം ചേർക്കുക. തെങ്ങ്, കമുക്, ജാതി, എന്നിവയ്ക്ക് 50% സബ്സിഡി നിരക്കിൽ ബോർഡോമിശ്രിതം വിതരണം ചെയ്യുക.

10 നിർദ്ദേശം (30) നോടുകൂട്ടിച്ചേർക്കുക. ടി സ്കീമിന്റെ ഭാഗമായി പരീക്കണ്ണി പുഴയുടെ തീരത്ത് പടിഞ്ഞാറെക്കരയുടെ വീടുവരെ സൈഡ് കെട്ടുകയും ആവശ്യമായിടങ്ങളിൽ ചെക്ഡാം നിർമ്മിക്കുകയും ചെയ്യുക.

11 നിർദ്ദേശം (32) നുപകരം ചേർക്കുക. പുഴ, തോട്, ഇവയിലെ നഞ്ച്—തോട്ട ഇവയുടെ പ്രയോഗം നിരോധിക്കുക.

12 പൈങ്ങോട്ടൂർ തോടിന്റെ കാവുംപാറ ഭാഗത്ത് ഒരു ചെക്കുഡാം-കം ബ്രിഡ്ജ് നിർമ്മികുക.

13 കുളപ്പുറം—ആടുകുഴി പാടത്ത് ജലസേചനത്തിനായി ഒരു മൈനർ ഇറിഗേഷൻ പദ്ധതി നടപ്പാക്കുക. ടി പാടശേഖരത്തിന് ബണ്ടുകെട്ടുക.

14 നിർദ്ദേശം (33) റദ്ദാക്കുക. പകരം ചേർക്കുക.
പുഴയിലെ മണൽ വാരൽ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ലേല നടപടി നടത്തുക.

15 ഇടുക്കി ജില്ലയോട് ചേർന്നുകിടക്കുന്ന മലയോര പ്രദേശമായതുകൊണ്ട് പൈങ്ങോട്ടൂർ പഞ്ചായത്ത് വാട്ടർ ഷെഡ് സ്കീമിൽ ഉൾപ്പെടുത്തുക.

16 നിർദ്ദേശം (35) നോട് കൂട്ടിച്ചേർക്കുക. പമ്പ് സെററ്, സ്പ്രേയറുകൾ ഇവ വാങ്ങുന്നതിനും 50% സബ്സിഡി നൽകുക. ഇവ കൃഷിക്കാർക്ക് ഇഷ്ടമുള്ള കമ്പനിയുടെ ഏജൻസിയിൽനിന്നും വാങ്ങുന്നതിന് അനുവദിക്കുമാറ് നടപടിയുണ്ടാകണം.

17 കൃഷിഭവന്റെ കീഴിൽ നിലവിലിരിക്കുന്ന പാടശേഖരസമിതി, കേര വികസന സമിതി, കുരുമുളകുവികസന സമിതി തുടങ്ങിയവ നിയമാനുസൃതം പിരിച്ചുവിട്ട് പുതിയ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകുവാൻ പഞ്ചായത്തു കമ്മിററിയോടഭ്യർത്ഥിക്കുന്നു.

18 നിർദ്ദേശം (36) നോടുകൂട്ടിച്ചേർക്കുക. പഞ്ചായത്ത് പ്രദേശം പൂർണ്ണമായും തെങ്ങുരോഗ ബാധയുള്ളതുകൊണ്ട് പഞ്ചായത്ത് തെങ്ങുരോഗബാധിത പ്രദേശമായി പ്രഖ്യാപിക്കുക.

19 നിർദ്ദേശം (37) നോട് കൂട്ടിച്ചേർക്കുക. 50% സബ്സിഡി നിരക്കിൽ

20 നിർദ്ദേശം (38) ൽ കൂട്ടിച്ചേർക്കുക. കേരഫെഡിന്റെ സഹകരണത്തോടെ...

21 നിർദ്ദേശം (39) ൽ കൂട്ടിച്ചേർക്കുക. ജാതി

22 നിർദ്ദേശം (40) ൽ ട്രൈക്കോ ഡെർമ എന്നത് നീക്കം ചെയ്ത് പകരം ബാക്ററീരിയൽ കൾച്ചർ എന്നു ചേർക്കുക.

23 പഞ്ചായത്തുവകയായി ഒരു മണ്ണു ഗവേഷണ ലാബ് വാങ്ങുക.

24 നെൽകൃഷി വികസനാർത്ഥം 4 ശതമാനം പലിശ നിരക്കിൽ കൃഷിക്കാർക്ക് ഹെക്ടറൊന്നിന് 75000 രൂപ ക്രോപ് ലോൺ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

25 കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, ജില്ലാ കൃഷി ഫാമുകൾ എന്നിവടങ്ങളിലേയ്ക്ക് പഠന യാത്രകൾ സംഘടിപ്പിക്കുക. യാത്രാചിലവിന്റെ 50 ശതമാനം സബ്സിഡിയായി കർഷകർക്ക് നൽകുക.

26 പേജ് 9–ൽ കൂട്ടിച്ചേർക്കുക. വടക്കേപുന്നമററം പാടം, മനേത്തുമാരി പാടം, അരുണായി പാടം, കോട്ടപ്പാടം, പിച്ചൂപ്പുള്ളിപാടം, നമ്പേലി പാടം, തോയലി പാടം.

## മൃഗ സംരക്ഷണം

1 നാമമാത്ര കർഷകർക്ക് കാലികളെ/പോത്തുകളെ വാങ്ങുന്നതിന് പഞ്ചായത്തിൽ നിന്നും ലോൺ അനുവദിക്കുക.

2 കുളമ്പുദീനം, പേവിഷബാധ എന്നിവ സംബന്ധിച്ച് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

3 പേവിഷബാധ സംബന്ധിച്ച കാസററുകൾ പഞ്ചായത്ത് ചിലവിൽ വാങ്ങി മുൻ പറഞ്ഞ ക്ലാസിൽ പ്രദർശിപ്പിക്കുക.

4 അറവുശാലകൾക്ക് ലൈസൻസ് കർശനമാക്കുക.

5 മൃഗാശുപത്രിയിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക.

# വിദ്യാഭ്യാസം

## പ്രശ്നങ്ങൾ

1 ഗവ: സ്കൂളുകളിൽ ഒഴിവുവരുന്ന അദ്ധ്യാപക തസ്തികകൾ യഥാസമയം നികത്തുന്നില്ല.

2 സ്കൂളുകൾക്ക് കോമ്പൗണ്ട് വാൾ നിർമ്മിക്കുക.

3 സ്കൂളുകൾക്ക് ഫസ്റ്റ് എയ്ഡ് സംവിധാനം നിലവിലില്ല.

4 കലാ കായിക രംഗത്ത് മികച്ചു നിൽക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം സജീവമല്ല.

## പരിഹാരങ്ങൾ

1 ഗവ: സ്കൂളുകളിലെ താല്ക്കാലിക നിയമനങ്ങൾ നടത്തുവാൻ പഞ്ചായത്ത് കമ്മററികൾക്ക് അധികാരം നൽകുക.

2 എല്ലാ സ്കൂളുകളിലും ഫസ്ററ് എയിഡിനുള്ള സംവിധാനം ഏർപ്പെടുത്തുക. അദ്ധ്യാപകർക്ക് അക്കാര്യത്തിൽ പരിശീലനം നൽകുക.

3 സ്കൂളുകളുടെ കോമ്പൗണ്ട് വാൾ നിർമ്മാണത്തിന് പഞ്ചായത്ത് ഫലപ്രദമായി സഹായിക്കുക.

4 സ്കൂൾ കുട്ടികൾക്കായി പഞ്ചായത്ത്തല കലാകായിക പരിശീലനങ്ങൾ സംഘടിപ്പിക്കുക.

5 ചാത്തമററം ഗവ: ഹൈസ്കൂളിൽ 10 + 2 അനുവദിക്കുക.

6 കടവൂർ V H S C യോടനുബന്ധിച്ച് ഒരു ഓപ്പൺ എയർ തീയററർ നിർമ്മിക്കുക.

7 സ്കൂള്കളിൽ കക്ഷി രാഷ്ട്രീയത്തിന്റെ ഇടപെടൽ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുക.

8 കടവൂർ സെന്റ് ജോർജ് എൽ. പി. സ്കൂൾ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട സ്കൂൾ എന്നതിനുപകരം കുളപ്പുറം സെന്റ് ജോർജ്ജ് എൽ. പി. എസ്. എന്ന് തിരുത്തിയിരിക്കുന്നു.

## വ്യവസായം

| വ്യവസായത്തിന്റെ തരം | എണ്ണം | തൊഴിലാളികൾ |
|---|---|---|
| 1 ഓയിൽ മിൽ | 9 | |
| 2 റൈസ്മിൽ | 20 | |

### നിർദ്ദേശങ്ങൾ-സാദ്ധ്യതകൾ

1 സഹകരണ മേഖലയിൽ കൊപ്ര സംഭരണവും സംസ്ക്കരണവും വിപണനവും ആരംഭിക്കുക.

2 സഹകരണ മേഖലയിൽ പ്രിൻറിംഗ് പ്രസും നോട്ടുബുക്ക് നിർമ്മാണവും ബുക്ക് ബൈൻറിംഗ് മുതലായ തൊഴിൽ സാധ്യതയുള്ള യൂണിററുകൾ ആരംഭിക്കുക.

3 മൂശാരി കന്നാരനാര് മുതലായ അസംസ്കൃത സാധനങ്ങൾ കൊണ്ടുള്ള വിവിധ തരത്തിലുള്ള ഉല്പന്ന നിർമ്മാണ യൂണിററ് ആരംഭിക്കുക.

4 യന്ത്ര സാമഗ്രികൾക്ക് ആവശ്യമായ മെററൽ വാഷറുകൾ, നട്ടുകൾ, ബോൾട്ടുകൾ മുതലായവ നിർമ്മിക്കുന്ന യൂണിററുകൾ ആരംഭിക്കുക.

5 പ്ലാസ്ററിക് കൊണ്ടുള്ള വിവിധയിനം സാധനങ്ങൾ (പ്ളാസ്ററിക് കവർ, ചിമ്മിക്കൂട്, പ്ലാസ്ററിക് ചിരട്ട etc..) നിർമ്മിക്കുന്ന യൂണിററ് ആരംഭിക്കുക

6 റബ്ബർ പശ നിർമ്മാണ യൂണിററ് ആരംഭിക്കുക.

## ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

1 വെട്ടിയക്കലോലി, പത്തിച്ചോട്, പൊത്തൻചീനി, മണിപ്പാറ എന്നിവിടങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് ആ പ്രദേശവാസികൾക്കുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുക.

2 നിലവിലുള്ള ടാങ്കിലേയ്ക്ക് നിലവിലുള്ള കുളത്തിൽ നിന്ന് പുതിയ മോട്ടോറും പൈപ്പും ഫിററുചെയ്ത് പമ്പിംഗ് നടത്തി പുതിയ പദ്ധതി വരുംവരെ ജലക്ഷാമം ഒരുപരിധിവരെ പരിഹരിക്കാം.

3 പഞ്ചായത്തടിസ്ഥാനത്തിൽ പമ്പ് ഓപ്പറേററെയും പ്ലംബറെയും സ്ഥിരമായി നിയമിക്കുക.

4 പൊതു കിണറുകളോടു ചേർന്നുള്ള കക്കൂസുകളും കുളിമുറികളും ഒഴിവാക്കുക.

5 പഞ്ചായത്തിലെ വെട്ടിക്കാട്ടുകോളനിയിൽ വെള്ളം എത്തിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുക.

6 കടവൂർ മാളിയേക്കൽ നാരായണൻ വക സ്ഥലത്തെ വററാത്ത ഉറവ പൊതു ആവശ്യത്തിന് ഉപയോഗപ്പെടുത്തുക.

7 കുളപ്പുറത്ത് വേലൻ പടി മുതൽ തെക്കോട്ട് ഒരു മൈനർ പ്രോജക്ട് ഉണ്ടാക്കുക.

8 പൈങ്ങോട്ടൂർ തോടിലെ കുറവക്കാട്ടുപടിയ്ക്കലുള്ള പേപ്പതിചിറ പുനഃസ്ഥാപിക്കുക.

9 കുമ്പങ്കോട്ടു പീടിക ഭാഗത്ത് ഒരു പൊതുകുളം സ്ഥാപിക്കുക.

10 പൈങ്ങോട്ടൂർ കേന്ദ്രമാക്കി ഒരു P H സബ് സെൻറർ ആരംഭിക്കുക.

11 ഒററക്കണ്ടം ഹരിജൻ കോളനിയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം അടിയന്തരമായി ആരംഭിക്കുക.

12 അഞ്ച് വർഷം കൊണ്ട് എല്ലാ ദുർബല വിഭാഗങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചു നൽകുക.

13 കടവൂർ ടൗണിൽ ഒരു കംഫർട്ടു സ്റേറഷൻ പണിയുക.

14 പഞ്ചായത്തിലെ ക്ലിനിക്കുകളിലെ ഉപകരണങ്ങൾ വേണ്ടവിധത്തിൽ ശുദ്ധിയായി സൂക്ഷിക്കുക. ഡിസ്പോസിബിൾ സിറിഞ്ചുകൾ ഉപയോഗിക്കുവാൻ കർശന നടപടി സ്വീകരിക്കുക.

## ഗതാഗതം, ഊർജ്ജം

### പ്രശ്നങ്ങളിൽ ചേർക്കേണ്ടത്

നിലവിലുള്ള റോഡുകൾ ശാസ്ത്രീയമായി നിർമ്മിച്ചവയല്ല.

### നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ മുഴുവൻ P W D റോഡുകളുടെയും പുറമ്പോക്കുകൾ വീണ്ടെടുക്കുവാൻ നടപടി സ്വീകരിക്കുക.

2 പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ [illegible] നിർമ്മിക്കുക.

3 ഉപ്പുകുഴി പാലം വീതികൂട്ടി പണിയുക.

4 7-ാം നമ്പർ നിർദ്ദേശം പരിത്തിപ്പുഴയിൽ ആക്കുക.

5 പ്രധാനപ്പെട്ട എല്ലാഭാഗങ്ങളിലും വെയിററിംഗ് ഷെഡ് നിർമ്മിക്കുക. ഉള്ളത് പുതുക്കി പണിയുകയും ചെയ്യുക,

6 കടവൂർ–പൊത്തൻചീനി–ചാത്തമററം റോഡ് പണിയുക.

7 ചേലക്കക്കടവ് മുതൽ കുളപ്പുറം വരെ തീരദേശത്തുകൂടി പുതിയ റോഡ് നിർമ്മിക്കുക.

8 കുളപ്പുറം-ചന്തക്കടവ് റോഡ് നിർമ്മിക്കുക.

9 പൊതകുളം നാലാംബ്ലോക്ക് റോഡ് നിർമ്മിക്കുക.

10 കടവൂരിൽ ടാക്സി സ്ററാൻഡ് നിർമ്മിക്കുക.

### ഊർജ്ജം

1 പാലനാട്ട് കോളനി, തെക്കേപുന്നമററം ലക്ഷംവീട് കോളനി, പനങ്കര ലക്ഷം വീട് കോളനി, നാലാം ബ്ലോക്ക് നാലുസെന്റ് കോളനി, ഒററക്കണ്ടം നാലുസെന്റ് കോളനി, വൈക്കം കോളനി, മഞ്ചിപ്പീടിക-പള്ളിപ്പറമ്പ് കോളനി, ആയങ്കര ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി സൗകര്യം എത്തിക്കുക.

2 ഗതാഗതത്തിന് തടസം നിൽക്കുന്ന വൈദ്യുതി പോസ്ററുകൾ മാററി സ്ഥാപിക്കുക.

3 പഞ്ചായത്തിലെ എല്ലാ പ്രധാനപ്പെട്ട ഭാഗങ്ങളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

4 ഹരിജൻ കോളനികളിൽ വൈദ്യുതി, റോഡ്, ജലസേചനം എന്നിവ എത്തിച്ചു കൊടുക്കുക.

5 സ്ട്രീററ്ലൈററ് ഇല്ലാത്ത ഭാഗങ്ങളിൽ പുതിയ ലൈററുകൾ സ്ഥാപിക്കുക.

## ഭവനനിർമ്മാണം–ക്ഷേമ പ്രവർത്തനങ്ങൾ

1 ഈ പഞ്ചായത്തിൽ വിവിധ പെൻഷനുകൾ കിട്ടുവാൻ അർഹതയുള്ളവരെ കണ്ടുപിടിച്ച് എല്ലാവർക്കും പെൻഷൻ അനുവദിക്കുക.

52

2 പഞ്ചായത്തിന്റെ എല്ലാ വാർഡ് സിററികളിലും നോട്ടീസ് ബോർഡ് സ്ഥാപിച്ച് പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം ഗ്രാമവാസികളെ അറിയിക്കണം.

3 D W C R A പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കൊടുത്ത് സ്വയം തൊഴിൽ പദ്ധതിയെ പ്രോത്സാഹിപ്പിക്കുക.

4 കടവൂരുള്ള ബ്ലോക്കുവക 25 സെൻറ് സ്ഥലത്ത് കോംപ്ലക്സ് പണിത് വിവിധ ഓഫീസുകൾ പ്രവർത്തിപ്പിക്കണം.

5 ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ഗ്രൂപ്പ് ഇൻഷ്വറൻസിൽ പെടുത്തുക.

6 എല്ലാ വാർഡുകളിലും വെയിററിംഗ് ഷെഡ്, കംഫർട്ട് സ്റേറഷൻ നിർമ്മിക്കുക.

## സംസ്ക്കാരം

1 ആയങ്കര ജനതാ ലൈബ്രറിയ്ക്ക് ആവശ്യമായ ധന സഹായത്തോടൊപ്പം ഒരു ടി. വി. യും നൽകുവാൻ നടപടിയെടുക്കുക.

2 പൈങ്ങോട്ടൂർ സാംസ്ക്കാരിക കേന്ദ്രത്തിൽ ആവശ്യമായ പുസ്തകങ്ങളും ഫർണിച്ചറുകളും നൽകുക.

3 കുളപ്പുറത്ത് 6, 2 എന്നീ വാർഡുകളുടെ സംഗമ സ്ഥലത്ത് ഒരു ലൈബ്രറി സ്ഥാപിക്കുക.

4 വടക്കേപുന്നമററത്ത് പുതിയതായി നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള ക്ലബ്ബിന് സാമ്പത്തിക സഹായം നൽകുക.

5 പഞ്ചായത്ത് മേളയിൽ നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം അത് വിവിധ ജന വിഭാഗങ്ങളെ ആകർഷിയ്ക്കത്തക്കവിധം മോടിയായി നടത്തുക

6 പഞ്ചായത്തിലെ വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും ക്ളബ്ബുകൾക്കും ആവശ്യമായ ധനസഹായം നൽകുക.

## വനിത

1 പഞ്ചായത്തിൽ 2 വനിതാ വായന ശാലകൾ ആരംഭിക്കുക.

2 സാമ്പത്തിക സഹായങ്ങളിൽ വിധവകൾക്ക് മുൻതൂക്കം കൊടുക്കുക.

3 പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം സ്ഥാപിച്ച് അതിന്റെ കീഴിൽ വനിതാ യൂണിററുകൾ ആരംഭിക്കുക.

4 സാംസ്ക്കാരിക നിലയങ്ങളിൽ വനിതകൾക്ക് മെമ്പർഷിപ്പ് ഫീസ് മിനിമം 10 രൂപയാക്കുക.

5 വനിതകൾ പങ്കെടുക്കുന്ന പരിപാടികൾ 5 P M ന് അവസാനിക്കത്തക്കരീതിയിൽ പരിപാടി ആസൂത്രണം ചെയ്യുക.

## സഹകരണം

### നിർദ്ദേശങ്ങൾ

1 പൈങ്ങോട്ടൂർ പഞ്ചായത്തിൽ കടവൂർ കോ-ഓപ്പറേററീവ് ബാങ്കിന്റെ അതിർത്തിയിൽപ്പെട്ടവർക്കു മാത്രം മെമ്പർഷിപ്പ് കൊടുക്കുകയും അന്യ പഞ്ചായത്തിൽ പെട്ടവരേയും ബാങ്കിന്റെ അതിർത്തിക്ക് വെളിയിലുള്ളവരേയും അംഗങ്ങൾ ആക്കാതിരിക്കുക.

2 മെമ്പർഷിപ്പ് എടുക്കുവാൻ വരുന്നവരിൽ നിന്നും ഇപ്പോൾ പലവിധമായി ഈടാക്കുന്ന തുക ലഘൂകരിച്ച് സാധാരണക്കാർക്ക് അംഗങ്ങളാകുവാൻ സാഹചര്യം ഉണ്ടാക്കുക.

3 ജില്ലാ ബാങ്കിൽ നിന്നും അപേക്ഷിക്കുന്ന ചെറുകിട വ്യവസായ, കൃഷി വായ്പക്കാരുടെ ന്യൂനതകൾ നോക്കുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അതു മാററി കഴിയുന്നതും വായ്പകൾ കൊടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

4 സഹകരണ സംഘങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സഹകാരികൾക്ക് യഥാകാലങ്ങളിൽ സെമിനാറുകളും മററും സംഘടിപ്പിക്കേണ്ടതാണ്.

5 സഹകരണ സംഘങ്ങളിലെ പ്രവർത്തന രീതി സുഗമമാക്കുന്നതിലേക്ക് കമ്പ്യൂട്ടർവൽക്കരണം ആവശ്യമാണ്.

6 പരമ്പരാഗത വ്യവസായമായ കുട്ട നെയ്ത്തിനുവേണ്ടി സ്ഥാപിച്ച പൈങ്ങോട്ടൂർ ഹരിജൻ സൊസൈററി എത്രയുംവേഗം പുനഃരുദ്ധരിച്ച് പ്രവർത്തനം സജ്ജമാക്കുക.

7 പഞ്ചായത്ത് മുഴുവൻ ഉൾപ്പെടുത്തി റബ്ബർ മാർക്കററിംഗ് കോ-ഓപ്പറേററീവ് സൊസൈററി ഉടൻ ആരംഭിക്കുക.

8 ഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശാനുസരണം അതാതുകാലത്ത് രാഷ്ട്രീയ സമ്മർദ്ദമില്ലാതെ സത്യസന്ധമായി കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ പൊതുയോഗത്തിന് പൂർണ്ണ അധികാരം കൊടുക്കുക.

9 പഞ്ചായത്തിൽ പൈങ്ങോട്ടൂരുള്ള ക്ഷീര സംഭരണം ഒഴികെ പഞ്ചായത്തിലുള്ള മററ് ക്ഷീര സംഭരണ കേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുക.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1 പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ആവശ്യമാണ്.

2 S C, S T വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലപ്സം ഗ്രാൻറിന് പുറമെ കുട, വസ്ത്രം എന്നിവ സൗജന്യമായി നൽകുക.

3 അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിലിൻെറ ഭാഗമായി ഓട്ടോ റിക്ഷ വാങ്ങുന്നതിന് ധന സഹായം നൽകുക.

4 P S C നടത്തുന്ന എഴുത്തു പരീക്ഷക്കും ഇൻറർവ്യു എന്നിവയ്ക്കും പങ്കെടുക്കുന്ന വർക്ക് യാത്രാ ബത്ത നൽകുക.

5 വീട് പണിയുന്നതിനുള്ള ധന സഹായം 35000 രൂപ ആയി വർദ്ധിപ്പിക്കുക.

6 വീട് ഓലമേയുന്നതിനുള്ള സഹായതുക വർദ്ധിപ്പിക്കുകയും കൂടുതൽപേർക്ക് നൽകുകയും ചെയ്യുക.

7 കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ച് നൽകുക.

8 വൈദ്യുതി സൗജന്യമാക്കുക.

9 ഹരിജൻ കോളനികളിൽ കുടിവെള്ളമെത്തിക്കുക.

10 ബാലവാടികളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോമും പഠന ഉപകരണങ്ങളും നൽകുക.

## വിഭവ സമാഹരണം

### 1. കെട്ടിട നികുതി

കെട്ടിട നിർമ്മാണ ചെലവിൻെറ/വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക. പണിപൂർത്തിയാക്കാത്ത കെട്ടിടങ്ങൾക്ക് പണിയുന്നതിൻെറ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുകയും പണിപൂർത്തിയാകുന്ന മുറയ്ക്ക് വീണ്ടും നികുതി പുനർ നിർണ്ണയം ചെയ്യുക.

## 2 തൊഴിൽ നികുതി

അംഗീകൃത തൊഴിലാളി യൂണിയനിൽ അംഗത്വമുള്ള തൊഴിലാളികളിൽ നിന്ന് നിശ്ചിത ഫീസ് തൊഴിൽ നികുതി പിരിക്കുകയും ഈ തൊഴിലാളികളെ പഞ്ചായത്ത് ഇൻഷ്വർ ചെയ്യുകയും ചെയ്യുക.

3 കാളിയാർ പുഴയുടെ ചീങ്കണ്ണി വളവ് ഭാഗത്ത് 3 സെൻറ് സ്ഥലം പൊന്നും വില ക്കെടുത്ത് വഴിയുണ്ടാക്കി കടവുകെട്ടി മണൽ ലേലം ചെയ്താൽ ലേലം ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. പനങ്കര മുറിയോടിക്കടവിൽ കടവു കെട്ടി മണൽ ലേലം ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാം.

## 4 ലൈസൻസ് ഫീ

A വിററുവരവ് കണക്കാക്കി വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് നികുതി നിശ്ചയിക്കുക.

B പട്ടി, പന്നി എന്നീ വളർത്തുമൃഗങ്ങളെ കാലാകാലങ്ങളിൽ കുത്തിവയ്ക്കുകയും അത്തരത്തിലുള്ള മൃഗങ്ങൾക്ക് ലൈസൻസ് നൽകുകയും ലൈസൻസ് എടുക്കാത്ത മൃഗങ്ങളെ പിടിച്ച് നശിപ്പിക്കുകയും ചെയ്യുക.

5 തീയററിൽ നിന്നും നൽകുന്ന ടിക്കററുകൾ പഞ്ചായത്തിൽ സീൽ ചെയ്ത് അർഹ മായ നികുതി പഞ്ചായത്തിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.

6 കുടിയേററ മേഖലയായ ഈ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ കണക്കാക്കി സർക്കാരിൽ നിന്നും കൂടുതൽ ഫണ്ട് സമാഹരിക്കാൻ ശ്രമിക്കുക.

PAINGOTTOOR PANCHAYAT
KOTHAMANGALAM TALUK
KADAVOOR VILLAGE
AREA, 23.5 Sq Kms, Population 14643

